പ്രൊഫ. ഖുർശിദ് അഹ്മദ്
സഫർ ഇസ്ഹാഖ് അൻസാരി

# മൗലാനാ മൗദൂദി-1 നവോത്ഥാന നായകൻ

പ്രൊഫസർ ഖുർശിദ് അഹ്മദിന്റെയും സഫർ ഇസ്ഹാഖ് അൻസാരിയുടെയും സംയുക്ത രചനയാണ് മൂന്നു ശീർഷകങ്ങളിലായി വരും പേജുകളിൽ കൊടുക്കുന്നത്. ഇതിലെ രണ്ടാം ലേഖനം സഫർ ഇസ്ഹാഖ് അൻസാരി 1976 ഏപ്രിലിൽ, ഇസ്ലാമിക് കൗൺസിൽ ഓഫ് യൂറോപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര ഇസ്ലാമിക് കോൺഫ്രൻസിൽ അവതരിപ്പിച്ച പ്രബന്ധമാണ്. 1977 മേയിൽ, അമേരിക്കയിലെ ബ്ലൂമിങ്ങ്ടണിൽ മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷൻ ഓഫ് അമേരിക്ക ആന്റ് കനഡയുടെ പതിനഞ്ചാം വാർഷികത്തിൽ ഖുർശിദ് അഹ്മദ് അവതരിപ്പിച്ച പ്രബന്ധമാണ് മൂന്നാമത്തേത്. മൂന്നു ഭാഗങ്ങളുടെയും തലക്കെട്ടുകൾ ഞങ്ങൾ നൽകിയതാണ്. വിസ്താരഭയംമൂലം അടിക്കുറിപ്പുകൾ ഒഴിവാക്കിക്കൊണ്ടാണ് ഇത് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. ഡോക്ടർ ഖുർശിദ് അഹ്മദ് എഡിറ്റ് ചെയ്ത 'ഇസ്ലാമിക് പേർസ്പെക്റ്റീവ്സ്' എന്ന ഗ്രന്ഥത്തിൽനിന്ന് ഇതു വിവർത്തനം ചെയ്തു തന്നത്: പ്രൊഫ. പി. ഷാഹുൽ ഹമീദ്.

ഇരുപതാം നൂറ്റാണ്ടിന്റെ ഇരു ധ്രുവങ്ങൾ മുസ്‌ലിംലോകത്തിന്റെ രണ്ടു വ്യത്യസ്ത ചിത്രങ്ങളാണ് നൽകുന്നത്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ മുസ്‌ലിംകൾ പൊതുവെ ഒരു പതിതാവസ്ഥയിലായിരുന്നു. അന്ന് മിക്ക മുസ്‌ലിം രാജ്യങ്ങളെയും കൊളോണിയൽ ശക്തികളാണ് നിയന്ത്രിച്ചിരുന്നത്. ഓട്ടോമാൻ സാമ്രാജ്യമാകട്ടെ, വിസ്മൃതിയിലേക്ക് തകർന്നുവീണുകൊണ്ടിരിക്കുകയായിരുന്നു. ഇങ്ങനെ, മുസ്‌ലിം ലോകത്തെ രാഷ്ട്രീയ അടിമത്തത്തിലേക്കും സാമ്പത്തിക പരാതീനതകളിലേക്കും ബുദ്ധിപരവും സാംസ്കാരികവുമായ നിശ്ചലാവസ്ഥയിലേക്കും തള്ളിവിട്ടുകൊണ്ട് ലോകശക്തികളുടെ സന്തുലിതത്വം ഒടുവിൽ പടിഞ്ഞാറിനനുകൂലമായി പരിണമിച്ചു. ഒന്നാം ലോകയുദ്ധത്തിനുമുമ്പ്, മുസ്‌ലിംകൾ ഒരു ശക്തിയായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ, യുദ്ധാനന്തരം അവർ അപ്രധാനവും അജ്ഞാതവുമായ ഒരവസ്ഥയിലേക്ക് പിന്തള്ളപ്പെട്ടുകൊണ്ടിരുന്നതായാണ് കാണപ്പെട്ടത്. ചരിത്രത്തിൽ ഇസ്ലാമിന്റെ അധ്യായം അവസാനിച്ചുവെന്നും ഈ മങ്ങിയ വെളിച്ചം അടുത്തുതന്നെ കൂരിരുട്ടായി മാറുമെന്നും ഇസ്ലാമിന്റെ ശത്രുക്കൾ വിചാരിച്ചു. എന്നാൽ പിന്നീട്വന്ന വർഷങ്ങളും ദശാബ്ദങ്ങളും പൂർണനാശം പ്രവചിച്ചവർക്ക് തെറ്റിയെന്ന് തെളിയിച്ചു. രാഷ്ട്രീയും ധൈഷണികവും സാമ്പത്തികവുമായ ആധിപത്യങ്ങൾകൊണ്ട് നശിപ്പിക്കാൻ കഴിയാത്ത വിധം ശക്തമാണ് ഇസ്ലാമിന്റെ ആന്തരിക ചൈതന്യമെന്ന് തെളിയക്കപ്പെട്ടു. ചെറുത്തുനിൽപ്പ് നവോഥാനമായി മാറി. ഒഴുക്കിന്റെ ഗതി മാറി. മുസ്‌ലിംലോകം ഹൃദയവേദനയുളവാക്കുന്ന പലതുമുൾക്കൊള്ളുന്നുണ്ടെങ്കിലും, ഏറെക്കുറെ പ്രതീക്ഷ നൽകുന്ന ഒരു ചിത്രമാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിലത്തെ രണ്ടു ദശകങ്ങളിൽ കാഴ്ചവെക്കുന്നത്. മുസ്‌ലിംലോകത്തിന്റെ പല ഭാഗങ്ങളിലും നിലനിന്നിരുന്ന രാഷ്ട്രീയാടിമത്തത്തിന്റെ ചങ്ങലകൾ തകർക്കപ്പെട്ടു. സാമ്പത്തികാധികാരത്തിലുള്ള പുതിയ മാറ്റങ്ങൾ മുസ്‌ലിംകൾക്കനുകൂലമായി നീങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ അടുത്തകാലം വരെ മുസ്‌ലിംകളെ മാസ്മരശക്തിക്കടിമപ്പെടുത്തിയ മനുഷ്യനിർമിത പ്രത്യേയശാസ്ത്രങ്ങളിൽ മുസ്‌ലിംകൾ പ്രകടമായ നിരാശ പ്രകടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഒരു പുതിയ ലോകക്രമത്തിനുവേണ്ടി ഇസ്ലാമിന്റെ ആന്തരിക വിഭവങ്ങളെത്തന്നെ ഉപയോഗപ്പെടുത്താനുള്ള വർധിച്ചുവരുന്ന ആഗ്രഹം ഇന്ന് സ്പഷ്ടമായിക്കാണുന്നുണ്ട്. ഇസ്ലാമിക നവോഥാനത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും സർഗാത്മകവുമായ ബഹിർ പ്രകടനങ്ങളുടെ പിന്നിൽ കാലത്തിന്റെ വെല്ലുവിളികൾക്കും പ്രശ്നങ്ങൾക്കും ഇസ്ലാമിക പരിഹാരം തേടാനുള്ള ആവേശം സ്പഷ്ടമാണ്. മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവർ നേരിടുന്ന ഭീഷണികളും എണ്ണമറ്റതത്രെ. എന്നാലും, അവർ തങ്ങളുടെ നഷ്ടപ്പെട്ട സ്ഥാനം തിരിച്ചുപിടിക്കുന്നതിനും ലോകത്തിന്റെ പുനഃസൃഷ്ടിയിൽ തങ്ങളുടേതായ പങ്ക് വഹിക്കുന്നതിനും കിണഞ്ഞു ശ്രമിക്കുന്നു. ഇതിൽ ഒരു പുതിയ ആത്മവിശ്വാസവും ഊർജസ്വലതയും അവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നത് തികച്ചും ആശാവഹമാണ്. കഴിഞ്ഞ അൻപതു വർഷങ്ങളിൽ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഇസ്ലാമിക നവോഥാന പ്രസ്ഥാനങ്ങളിൽ, ഈ ആത്മവിശ്വാസവും ഊർജസ്വലതയും പ്രതിഫലിക്കുന്നുണ്ട്. ഈ പ്രസ്ഥാനത്തിന്റെ മുഖ്യ ശിൽപികളിലൊരാൾ വിനയാന്വിതനായ ചിന്തകനും സാമൂഹിക പരിഷ്കർത്താവും നേതാവുമായ സയ്യിദ് അബുൽ അഅ്ലാ മൗദൂദിയാകുന്നു. മൗലാനാ മൗദൂദിയുടെ ചിന്തകയെയും അതിന്റെ അടിസ്ഥാനത്തിൽ ഉയർന്ന പ്രസ്ഥാനത്തെയും ക്രമപ്രകാരം പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ ആശയങ്ങൾ ശരിയായ രീതിയിൽ വിലയിരുത്തുന്നതിനാവശ്യമായ ഒരു പശ്ചാത്തലമായി അദ്ദേഹത്തിന്റെ സംക്ഷിപ്ത ജീവചരിത്രം ആമുഖമായി നൽകുകയാണ്.

**ജീവചരിത്രം**

ഇന്ത്യയിലെ പുരാതന നാട്ടുരാജ്യമായ ഹൈദരാബാദിൽപെട്ട ഔറംഗാബാദ് എന്ന ചെറുപട്ടണത്തിൽ ഹിജ്റ വർഷം 1321 റജബ് 3-ാം തിയതി (ക്രിസ്തുവർഷം 1903, സെപ്റ്റംബർ 25-ാം തിയതി) അബുൽ അഅ്ലാ മൗദൂദി ഭൂജാതനായി. ഒരു ആദരണീയ കുടുംബത്തിൽപെട്ട അദ്ദേഹത്തിന്റെ പിതൃപരമ്പര പ്രവാചകനിലെത്തുന്നതായി ജീവചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്. ദീർഘകാലത്തെ ആത്മീയ പൈതൃകമുള്ള ഒരു കുടുംബമാണ് മൗദൂദിയുടേത്. അദ്ദേഹത്തിന്റെ പൂർവികർ പലരും അറിയപ്പടുന്ന സൂഫിവര്യന്മാരായിരുന്നു. സൂഫി വിഭാഗത്തിലെ പ്രശസ്തനായ നേതാവ് ഖാജാ ഖുത്തുബുദ്ദീൻ മൗദൂദ് (ഹിജ്റ 527-ൽ മരിച്ചു) അവരിലൊരാളത്രെ. മൗദൂദിയുടെ പൂർവികർ ഹിജ്റ 9-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ചിഷ്ത്തിൽനിന്നും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേക്ക് കുടിയേറിയത്. ഇങ്ങനെ

ആദ്യം വന്ന ആളുടെ പേരും അബുൽ അഅ്ലാ മൗദൂദി (ഹിജ്റ 935-ൽ മരിച്ചു) എന്നായിരുന്നു.

മൗദൂദിയുടെ പിതാവ് അഹ്മദ്ഹസൻ ക്രിസ്തുവർഷം 1855-ൽ ജനിച്ചു. ഉദ്യോഗം കൊണ്ട് വക്കീൽ ആയിരുന്ന അദ്ദേഹം മത കാര്യങ്ങളിൽ നിഷ്ഠയുള്ള ഒരു ഭക്തനായിരുന്നു. അഹ്മദ് ഹസന്റെ മൂന്നു മക്കളിൽ ഏറ്റവും ഇളയ ആളായിരുന്നു മൗദൂദി. പ്രാഥമിക വിദ്യാഭ്യാസം വീട്ടിൽവെച്ചു പൂർത്തിയാക്കിയ മൗദൂദി, 'മദ്രസാ ഫൗഖാനിയാ' എന്ന ഹൈസ്കൂളിൽ ചേർന്നു. ഇവിടെ ആധുനിക പാശ്ചാത്യ വിദ്യാഭ്യാസവും പരമ്പരാഗത ഇസ്‌ലാമിക വിദ്യാഭ്യാസവും ഒന്നിച്ചു നൽകപ്പെട്ടിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കി ഹൈദരാബാദ് ദാറുൽ ഉലൂമിൽ ഉന്നത വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പിതാവ് രോഗബാധിതനാവുകയും തുടർന്ന് മരണമടയുകയും ചെയ്തു. ഇക്കാരണത്താൾ മൗദൂദിക്ക് ഔപചാരിക വിദ്യാഭ്യാസം തൽക്കാലത്തേക്ക് നിർത്തേണ്ടിവന്നു. എന്നാൽ, താൻ നടത്തിയ പഠനങ്ങൾ തുടരുന്നതിന് ഇത് തടസ്സമായില്ല.1920-കളുടെ ആരംഭത്തോടെ, അബുൽ അഅ്ലാ മാതൃഭാഷയായ ഉർദുവിനു പുറമെ, അറബി, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി. ഇത്, തനിക്കു പ്രിയപ്പെട്ട വിഷയങ്ങൾ സ്വന്തം നിലയിൽ പഠിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചു. ഇങ്ങനെ, അദ്ദേഹം പഠിച്ച വിജ്ഞാനത്തിൽ ഭൂരിഭാഗവും സ്വന്തം പരിശ്രമത്താൽ നേടിയതായിരുന്നുവെങ്കിലും, കുറച്ചുകാലം യോഗ്യരായ പണ്ഡിതന്മാരുടെ അടുത്തുനിന്ന് വ്യവസ്ഥാപിതമായ രീതിയിലും അദ്ദേഹത്തിന് മാർഗനിർദേശം ലഭിച്ചിട്ടുണ്ട്. അങ്ങനെ അദ്ദേഹത്തിന്റെ ബുദ്ധിപരമായവളർച്ച മിക്കവാറും സ്വപരിശ്രമത്തിന്റെയും ഗുരുക്കന്മാരിൽനിന്ന് ലഭിച്ച പ്രോത്സാഹനത്തിന്റെയും ഫലമായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ ഭക്തിയും മക്കളെ ശരിയായ രീതിയിൽ വളർത്തിക്കൊണ്ടുവരുന്നതിലുള്ള ശ്രദ്ധയും അദ്ദേഹത്തിൽ ധർമനിഷ്ഠയും ജീവിത വിശുദ്ധിയും വളർത്തിയെടുത്തു.

ഔപചാരിക വിദ്യാഭ്യാസം തടസ്സപ്പെട്ടതിനു ശേഷം മൗദൂദി ഉപജീവനാർഥം പത്രപ്രവർത്തനത്തിലേക്കു തിരിഞ്ഞു. 1918-ൽ അദ്ദേഹം ഒരു ഉർദു പത്രത്തിലെഴുതുന്നുണ്ടായിരുന്നു. 1920-ൽ വെറും 17 വയസ്സുമാത്രം പ്രായമുള്ളപ്പോൾ മധ്യപ്രദേശിലെ ജബൽപൂരിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'താജി'ന്റെ എഡിറ്റർ ആയി അദ്ദേഹം നിയമിക്കപ്പെട്ടു. 1920 അവസാനത്തോടെ, മൗദൂദി ഡൽഹിയിലെത്തി, 'മുസ്‌ലിം' എന്ന പത്രത്തിന്റെ പത്രാധിപസ്ഥാനം (1921-23) സ്വീകരിച്ചു. പിന്നീട് 1925 മുതൽ 28 വരെ, 'അൽ ജംഇയ്യത്ത്' എന്ന പത്രത്തിന്റെ എഡിറ്റർ ആയി അദ്ദേഹം സേവനമനുഷ്ഠിച്ചു. ഈ രണ്ടു പത്രങ്ങളും ഇസ്‌ലാമിക പണ്ഡിത സംഘടനയായ ജംഇയ്യത്ത്-എ-ഉലമ-എ-ഹിന്ദിന്റെ ജിഹ്വയായിരുന്നു. അദ്ദേഹത്തിന്റെ പത്രാധിപത്യത്തിനു കീഴിൽ 'ജംഇയ്യത്ത്' ഇന്ത്യൻ മുസ്‌ലിംകളുടെ ഏറ്റവും പ്രമുഖ പത്രമായി മാറി.

1920-ൽ മൗദൂദി, രാഷ്ട്രീയത്തിൽ താൽപര്യമെടുക്കാൻ തുടങ്ങി. അദ്ദേഹം ഖിലാഫത്ത് പ്രസ്ഥാനത്തിൽ പ്രവർത്തിക്കുകയും തുടർന്ന് അന്നത്തെ ഒരു രഹസ്യസംഘടനയിൽ ചേരുകയും ചെയ്തു. എന്നാൽ, താമസിയാതെ അത്തരം സംഘടനകളിൽ അദ്ദേഹത്തിന് വിശ്വാസം നഷ്ടപ്പെട്ടു. ഇക്കാലത്ത് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പു കാരണം മുസ്‌ലിംകളൊന്നടങ്കം, അഫ്ഗാനിസ്ഥാനിലേക്ക് കുടിയേറിപ്പാർക്കണം എന്ന് വാദിച്ച 'തഹ്‌രീക്കി ഹിജ്റത്ത്' എന്ന സംഘടനയുമായി അദ്ദേഹം ബന്ധപ്പെട്ടിരുന്നു. എന്നാൽ, പ്രസ്ഥാനത്തിന്റെ നയങ്ങളും ലക്ഷ്യങ്ങളും യാഥാർഥ്യാധിഷ്ഠിതവും ആസൂത്രിതവുമായിരിക്കണമെന്ന അദ്ദേഹത്തിന്റെ നിർബന്ധത്തിന് ആ സംഘടനയുടെ നേതാക്കൾ വഴങ്ങിയില്ല. തന്മൂലം അവരിൽനിന്നും അദ്ദേഹം അകന്നു. പിന്നീട് അദ്ദേഹം പഠന-ഗവേഷണങ്ങളിലും പത്രപ്രവർത്തന രംഗത്തും കൂടുതലായി താൽപര്യമെടുത്തു.

1920-28 കാലത്ത് മൗദൂദി നാലു പുസ്തകങ്ങൾ പരിഭാഷപ്പെടുത്തി. ഒന്ന് അറബിയിൽനിന്നും മൂന്നെണ്ണം ഇംഗ്ലീഷിൽനിന്നും. ഈ കാലത്ത് തന്റെ പ്രമുഖ കൃതികളിലൊന്നായ 'അൽ-ജിഹാദു ഫിൽ ഇസ്‌ലാം' പ്രസിദ്ധീകരിച്ചുകൊണ്ട് ഉപഭൂഖണ്ഡത്തിന്റെ വൈജ്ഞാനിക ജീവിതത്തിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. യുദ്ധത്തെയും സമാധാനത്തെയും കുറിച്ച ഇസ്‌ലാമിക നിയനങ്ങൾ പ്രതിപാദിക്കുന്ന ഒരു ആധികാരിക ഗ്രന്ഥമാണിത്. 1927-ൽ 'അൽ ജംഇയ്യത്തി'ൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ച ഈ കൃതി 1930-ൽ പുസ്തകമാക്കി ഇറക്കുകയും ചെയ്തു. ഈ ഗ്രന്ഥത്തെ പ്രസിദ്ധ കവിയും ദാർശനികനുമായ അല്ലാമാ മുഹമ്മദ് ഇഖ്ബാലും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാവായ മൗലാനാ മുഹമ്മദലി ജൗഹറും മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. 1920-കളിലെഴുതിയതാണെങ്കിലും, ഈ ഗ്രന്ഥം ഇപ്പോഴും ആദരവോടെ വായിക്കപ്പെടുന്ന അദ്ദേഹത്തിന്റെ പ്രമുഖ കൃതികളിൽപ്പെടുന്നു.

1928-ൽ 'അൽ ജംഇയ്യത്തി'ൽ നിന്നും രാജിവെച്ച ശേഷം മൗദൂദി ഹൈദരാബാദിലേക്ക് പോയി; അവിടെ ഗവേഷണത്തിലും എഴുത്തിലും മുഴുകി. 1933-ൽ ആണ് അദ്ദേഹം 'തർജുമാനുൽ ഖുർആൻ' എന്ന മാസികയുടെ എഡിറ്റർ ആയത്. മൗദൂദിയുടെ ആശയങ്ങൾ മുഖ്യമായും ജനങ്ങളിലെത്തിയത് ഈ മാസികയിലൂടെയാകുന്നു. ഓരോ മാസവും അദ്ദേഹം രചിച്ച വളരെയധികം കനപ്പെട്ട ലേഖനങ്ങൾ പ്രസിദ്ധീകൃതമായി. പ്രാരംഭത്തിൽ, ഇസ്‌ലാമിക തത്വങ്ങളും മൂല്യങ്ങളും ആശയങ്ങളും വിശദീകരിക്കുന്നതിലാണ് അദ്ദഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. സമാകാലീന പാശ്ചാത്യൻ ആശയങ്ങളും ഇസ്‌ലാമികാശയങ്ങളും തമ്മിൽ സംഘട്ടനമുണ്ടാവുന്ന പ്രശ്നങ്ങളെപ്പറ്റിയാണ്, അദ്ദേഹം കൂടുതൽ എഴുതിയത്. അതുപോലെ, ആധുനിക ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങൾക്കുമുള്ള ഇസ്‌ലാമിക പരിഹാരങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. പാശ്ചാത്യ ലോകത്തിന്റെയും മുസ്‌ലിം ലോകത്തിന്റെയും അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ പ്രശ്നങ്ങളെ പഠിക്കാനാവശ്യമായ ഒരു പുതിയ രീതിശാസ്ത്രം അദ്ദേഹം വികസിപ്പിച്ചെടുത്തു. മേൽപറഞ്ഞ പ്രശ്നങ്ങളുടെ ഉള്ളടക്കവും വ്യാപ്തിയും കണക്കിലെടുത്ത് അവയെ ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ വിലയിരുത്തുക എന്നതാണ് അദ്ദേഹം വികസിപ്പിച്ചെടുത്ത രീതിശാസ്ത്രത്തിന്റെ കാതൽ. പാണ്ഡിത്യവും അവഗാഹവുമുള്ള അദ്ദേഹത്തിന്റെ രചനകൾ ഖുർആന്റെയും സുന്നത്തിന്റെയും പ്രാധാന്യത്തെപ്പറ്റി ഉൾക്കാഴ്ചയും പാശ്ചാത്യ ചിന്തയോടും ചരിത്രത്തോടും വിമർശനാത്മക സമീപനവും പ്രകടിപ്പിച്ചു. ഇതൊക്കെ, അദ്ദേഹത്തിന്റെ സമീപനത്തെ പുതുമയുള്ളതാക്കുകയും അദ്ദേഹത്തിന്റെ സന്ദേശത്തിന് കൂടുതൽ പ്രചാരമേകുകയും ചെയ്തു.

മുപ്പതുകളുടെ മധ്യത്തിൽ, ഇന്ത്യൻ മുസ്‌ലിംകൾ അഭിമുഖീകരിച്ച പ്രധാനപ്പെട്ട രാഷ്ട്രീയ, സാംസ്കാരിക പ്രശ്നങ്ങളെപ്പറ്റി മൗദൂദി എഴുതി. സങ്കുചിത രാഷ്ട്രീയ-സാമ്പത്തിക താൽപര്യങ്ങളുടെ അടിസ്ഥാനത്തിലല്ല അദ്ദേഹം പ്രശ്നങ്ങളെ നോക്കിക്കണ്ടത്. മറിച്ച് അവയെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ അദ്ദേഹം പരിശോധിച്ചു. മുസ്‌ലിംകളുടെ ഹൃദയമസ്തിഷ്കങ്ങളെ വശീകരിച്ചുകൊണ്ടിരിക്കുന്ന പുത്തൻ ആദർശങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ട് അവയുടെ പൊള്ളത്തരം അദ്ദേഹം വെളിച്ചത്തുകൊണ്ടുവന്നു. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സൂക്ഷ്മ ശ്രദ്ധയാകർഷിച്ച ഒരാശയമായിരുന്നു ദേശീയത. മൗദൂദി ദേശീയതയുടെ ആപൽക്കരമായ സാധ്യതകളെപ്പറ്റിയും അതെങ്ങനെ ഇസ്‌ലാമികാശയങ്ങളുമായി പൊരുത്തപ്പെടുന്നില്ല എന്നതിനെപ്പറ്റിയും വിശദീകരിച്ചു. ഇന്ത്യൻ സാഹചര്യത്തിൽ ദേശീയത, മുസ്‌ലിംകളുടെ സാമൂഹിക വ്യക്തിത്വത്തിന് ഏതുവിധം ഹാനികരമാവുമെന്ന് ഊന്നിപ്പറഞ്ഞു. ഇതിനിടെ ദാർശനിക കവിയായ ഇഖ്ബാലിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം ഹൈദരാബാദ് വിട്ടു പഞ്ചാബിന്റെ കിഴക്കുഭാഗത്തുള്ള പഠാൻ കോട്ടിലേക്ക് താമസം മാറി. ഇഖ്ബാലിന്റെ സഹകരണത്തോടെ, അവിടെ "ദാറുൽ ഇസ്‌ലാം" എന്ന ഒരു കേന്ദ്രം സ്ഥാപിച്ചു. ഇസ്‌ലാ

മിനെപ്പറ്റി പ്രമുഖ ഗ്രന്ഥങ്ങളെഴുതാനും ഇസ്‌ലാമിക നിയമങ്ങളുടെ പുനഃക്രോഡീകരണം നടത്താനും യോഗ്യതയുള്ള പണ്ഡിതന്മാരെ വളർത്തിയെടുക്കുകയായിരുന്നു ഈ കേന്ദ്രത്തിന്റെ മുഖ്യമായ ലക്ഷ്യം.

1940-ഓടു കൂടി മൗദൂദി കൂടുതൽ സമഗ്രവും വ്യാപകവുമായ ഒരു പ്രസ്ഥാനത്തെക്കുറിച്ചുള്ള ചിന്തകൾക്ക് രൂപം നൽകി. ഇതു ജമാഅത്തെ ഇസ്‌ലാമി എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുന്നതിലേക്ക് അദ്ദേഹത്തെ നയിച്ചു. ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായ മൗദൂദി അതിന്റെ അധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുകയും 1972 വരെ ആ പദവിയിൽ തുടരുകയും ചെയ്തു. 1972-ൽ അനാരോഗ്യം നിമിത്തം ആ ഉത്തരവാദിത്തം അദ്ദേഹമൊഴിഞ്ഞു.

1947-ൽ ഇന്ത്യ, പാക്കിസ്ഥാൻ എന്നീ രണ്ടു സ്വതന്ത്ര രാഷ്ട്രങ്ങൾ ഉപഭൂഖണ്ഡത്തിൽ സൃഷ്ടിക്കപ്പെട്ടപ്പോൾ ജമാഅത്ത്, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി, പാക്കിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമി എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു. 1947 ഓഗസ്റ്റ് മുതൽ മൗദൂദി പാക്കിസ്ഥാനിൽ താമസമാക്കി. അവിടെ ഒരു യഥാർഥ ഇസ്‌ലാമിക രാഷ്ട്രവും സമൂഹവും സ്ഥാപിക്കാൻ അദ്ദേഹം യത്നിച്ചു. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ട്, ഇസ്‌ലാമിക ജീവിതത്തിന്റെ വിശേഷിച്ചും അതിന്റെ സാമൂഹിക രാഷ്ട്രീയവശങ്ങളുടെ പ്രത്യേകതകൾ വിശദീകരിച്ചുകൊണ്ട് ധാരാളം രചനകൾ മൗദൂദി നടത്തുകയുണ്ടായി. ഇസ്‌ലാമിക ജീവിത ക്രമത്തിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ആഗ്രഹം പാക്കിസ്ഥാനിൽ മാറിമാറി വന്നുകൊണ്ടിരിക്കുന്ന ഗവൺമെന്റുകളുടെ നയങ്ങളെ എതിർക്കാൻ മൗദൂദിയെ പ്രേരിപ്പിച്ചു. കാരണം, അധികാരത്തിലിരുന്നവർ, പാക്കിസ്ഥാനെ ഒരു യഥാർഥ ഇസ്‌ലാമിക രാഷ്ട്രമാക്കാൻ പരിശ്രമിച്ചിരുന്നില്ല. കർശനമായ അടിച്ചമർത്തൽ നടപടികളുമായിട്ടാണ് ഭരണകർത്താക്കൾ പ്രതികരിച്ചത്. മൗദൂദി വീണ്ടും വീണ്ടും അറസ്റ്റു ചെയ്യപ്പെടുകയും കൽത്തുറങ്കിലടക്കപ്പെടുകയും ചെയ്തു. കഷ്ടപ്പാടിന്റെയും പീഡനത്തിന്റെയും ഈ വർഷങ്ങളിൽ മൗദൂദി തന്റെ പ്രതിയോഗികളടക്കം എല്ലാവരിലും സ്വന്തം ഇഛാശക്തി കൊണ്ടും നിശ്ചയദാർഢ്യംകൊണ്ടും സദൃശ്യമായ മറ്റു സവിശേഷ ഗുണങ്ങൾകൊണ്ടും മതിപ്പുളവാക്കി. 1953-ൽ ഖാദിയാനി പ്രശ്നത്തെപ്പറ്റി പ്രക്ഷോഭജനകമായ ഒരു ലഘുലേഖ എഴുതിയെന്ന പേരിൽ പട്ടാളനിയമകോടതി അദ്ദേഹത്തെ മരണശിക്ഷക്ക് വിധിച്ചു. ഒരു ദയാഹർജി സമർപ്പിക്കാനുള്ള പ്രേരണകളെ മുഴുവൻ ദൃഢനിശ്ചത്തോടെ അദ്ദേഹം തള്ളിക്കളഞ്ഞു. തന്നെ അന്യായമായി തൂക്കിലിടുവാൻ ആഗ്രഹിച്ചവരോട് ദയ ചോദിക്കുന്നതിനേക്കാൾ മരണമാണ് താനിഷ്ടപ്പെടുന്നതെന്നദ്ദേഹം പറഞ്ഞു. ജീവിതവും മരണവും ദൈവഹസ്തങ്ങളിലാണ് കുടികൊള്ളുന്നതെന്ന അചഞ്ചലമായ വിശ്വാസത്തോടെ, സ്വന്തം പുത്രനോടും സഹപ്രവർത്തകരോടും അദ്ദേഹം പറഞ്ഞു: "എന്റെ മരണസമയം വന്നുവെങ്കിൽ അതിൽനിന്നു എന്നെ അകറ്റാൻ ആർക്കും കഴിയില്ല. അതുവന്നിട്ടില്ലെങ്കിലാകട്ടെ എന്നെ തൂക്കുമരത്തിലേക്കയക്കാൻ തലകുത്തിമറിഞ്ഞാലും അവർക്ക് സാധിക്കുകയില്ല!" അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും ദയാഹർജി നൽകിയില്ല. അദ്ദേഹത്തിന്റെ ഈ മനസ്ഥൈര്യം ഗവൺമെന്റിനെ അൽഭുതപ്പെടുത്തി. ശക്തമായ പൊതുജന സമ്മർദത്തിനു വഴങ്ങി മരണശിക്ഷ, ജീവപര്യന്തമായി കുറക്കുകയും ചെയ്തു.

മൗലാനാ മൗദൂദി അറുപതു വർഷത്തെ പൊതുജീവിതത്തിനിടയിൽ നൂറ്റിരുപതിൽപരം പുസ്തകങ്ങളും ലഘുലേഖകളും എഴുതിയിട്ടുണ്ട്. അദ്ദേഹം നടത്തിയ ആയിരത്തിൽപരം വരുന്ന പ്രസംഗങ്ങൾ പത്രപ്രസ്താവനകൾ എന്നിവയിൽനിന്ന് ചുരുങ്ങിയത് 700 എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്.

മൗദൂദിയുടെ തൂലിക ബഹുമുഖ സിദ്ധികളുകള്ളതും ശക്തിയുറ്റതുമത്രെ. അദ്ദേഹം കൈകാര്യം ചെയ്ത വിഷയങ്ങൾ നിരവധിയാണ്. ഖുർആൻ വ്യാഖ്യാനം, ഹദീസ്, നിയമം, ദർശനം, ചരിത്രം തുടങ്ങിയ എല്ലാ വിഷയങ്ങളും അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവും സാമൂഹികവും ദൈവശാസ്ത്രപരവും മറ്റുമായ എണ്ണമറ്റ പ്രശ്നങ്ങൾ അദ്ദേഹം ചർച്ച ചെയ്തിട്ടുണ്ട്. ഇവയെ സംബന്ധിച്ചെല്ലാമുള്ള ഇസ്‌ലാമിന്റെ വിധി അദ്ദേഹം പറഞ്ഞിട്ടുണ്ട്. എല്ലാ പഠന-ഗവേഷണ മേഖലകളിലുള്ള ഇസ്‌ലാമിക സമീപനത്തിന്റെ അടിസ്ഥാനങ്ങൾ ഒരു സ്പെഷലിസ്റ്റിന്റെ ശൈലി കൂടാതെ തന്നെ മൗദൂദി വിശദീകരിച്ചിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ മുഖ്യ സംഭാവന, ഖുർആൻ വ്യാഖ്യാനത്തിന്റെയും ധർമശാസ്ത്രത്തിന്റെയും സാമൂഹ്യ പഠനങ്ങളുടെയും അന്താരാഷ്ട്ര ഇസ്‌ലാമിക നവോഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെയും മേഖലകളിലാണ്.

മൗദൂദിയുടെ ഏറ്റവും മഹത്തായ കൃതി ഉർദുവിലുള്ള ഐതിഹാസികമായ ഖുർആൻ തഫ്സീർ തന്നെയാണ്. തഫ്ഹീമുൽ ഖുർആൻ. ഈ ഗ്രന്ഥം പൂർത്തീയാക്കാൻ അദ്ദേഹം മുപ്പതു വർഷങ്ങൾ ചെലവഴിച്ചു. ഖുർആനിന്റെ അർഥവും സന്ദേശവും ഇന്നത്തെ ജനങ്ങളുടെ മനസ്സുകളിലേക്ക് ആണ്ടിറങ്ങുന്ന ഒരു ശൈലിയിൽ അവതരിപ്പിച്ചു എന്നതാണ് ഇതിന്റെ സവിശേഷത. വ്യക്തിപരവും സാമൂഹികവുമായ തലങ്ങലിൽ മനുഷ്യർ ദിനേയഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിൽ ഖുർആന്റെ സർവകാല പ്രസക്തി അദ്ദേഹം വെളിവാക്കുന്നു എന്നതാണ് മറ്റൊരു സവിശേഷത. ആധുനിക ഉർദുവിൽ ഋജുവും ശക്തവുമായ ഭാഷയിൽ അദ്ദേഹം ഖുർആൻ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഖുർആനിന്റെ സാധാരണ ആധികാരിക പരിഭാഷകളേക്കാൾ ഒഴുക്കുള്ളതും സരളവുമാണ് തഫ്ഹീം. മനുഷ്യജീവിതത്തിനാവശ്യമായ ഒരു മാർഗനിർദേശ ഗ്രന്ഥമെന്ന നിലയിലും ആ മാർഗനിർദേശം ജീവിതത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ വഴികാട്ടിയായിട്ടുമാണ് അദ്ദേഹം ഖുർആനിനെ അവതരിപ്പിക്കുന്നത്. ഖുർആനിന്റെ സമ്പൂർണ സന്ദേശത്തിന്റെ വെളിച്ചത്തിലാണ് ഖുർആൻ സൂക്തങ്ങൾക്കദ്ദേഹം വ്യാഖ്യാനം നൽകുന്നത്. ഈ ഉപഭൂഖണ്ഡത്തിലെ സമകാലീന ഇസ്‌ലാമിക ചിന്താസരണിയിലും മറ്റു ഭാഷകളിലുള്ള പരിഭാഷകളിലൂടെ വിദേശത്തും ദൂരവ്യാപക ഫലങ്ങളുളവാക്കിയ ഒരു മഹദ്ഗ്രന്ഥമാണ് തഫ്ഹീം.

അദ്ദേഹം സ്ഥാപിച്ച ജമാഅത്തെ ഇസ്‌ലാമി കെട്ടുറപ്പുള്ള ഒരു മത-രാഷ്ട്രീയ സംഘടനയെന്ന നിലയിൽ എല്ലാ വിഭാഗങ്ങളിലുള്ള ജനങ്ങളെയും, വിശേഷിച്ച് ഉപഭൂഖണ്ഡത്തിലെ ബുദ്ധിജീവികളെയും യുവജനങ്ങളെയും ശക്തമായി സ്വാധീനിച്ചിട്ടുണ്ട്.

ജമാഅത്തെ ഇസ്‌ലാമി എന്ന സംഘടനയിൽപ്പെട്ടവരിൽ പരിമിതമല്ല മൗദൂദിയുടെ സ്വാധീനം. കക്ഷികളുടെയും സംഘടനകളുടെയും പരിധികൾവിട്ട് ആ സ്വാധീനം ഇന്ത്യാ-പാക് ഉപഭൂഖണ്ഡത്തിനപ്പുറം പോകുന്നു. ലോകത്തെമ്പാടുമുള്ള മുസ്‌ലിംകൾക്ക് പിതൃതുല്യനായ ഒരു നേതാവാണ് ഇന്നദ്ദേഹം. ഒരു പണ്ഡിതനും എഴുത്തുകാരനുമെന്ന നിലയിൽ ഇന്ന് ഏറ്റവുമധികം വായിക്കപ്പെടുന്ന മുസ്‌ലിം ഗ്രന്ഥകാരൻ അദ്ദേഹമാണ്. അറബി, ഇംഗ്ലീഷ്, ടർക്കിഷ്, പേർഷ്യൻ, ഫ്രഞ്ച്, ജർമൻ, ഹിന്ദി, സ്വാഹിലി തുടങ്ങി മിക്ക ലോകഭാഷകളിലേക്കും അദ്ദേഹത്തിന്റെ കൃതികൾ ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുണ്ട്. മറ്റനേകം ഭാഷകളിലേക്ക് ഇന്നും പരിഭാഷ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. 1956-74 കാലഘട്ടത്തിൽ അദ്ദേഹം നടത്തിയ പര്യടനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മുസ്‌ലിംകൾക്ക് അദ്ദേഹത്തെ വ്യക്തിപരമായി പരിചയപ്പെടാനും അദ്ദേഹത്തിന്റെ പലഗുണങ്ങളും നേരിൽ ബോധ്യപ്പെടാനും അവസരം നൽകി. ആ യാത്രകൾ മൗദൂദിക്ക് തന്നെയും കൂടുതൽ അറിവു നൽകി. ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളെപ്പറ്റി പഠിക്കാനും ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള അസംഖ്യം ജനങ്ങളെ പരിചയപ്പെടാനും അദ്ദേഹത്തിന് സൗകര്യം കിട്ടി. ഈ യാത്രക്കിടയിൽ കെയ്റോ, ഡമാസ്കസ്, അമ്മാൻ, മക്ക, മദീന, ജിദ്ദ, കുവൈത്ത്, റബാത്ത്, ഇസ്തംബൂൾ, ലണ്ടൻ, ന്യൂയോർക്ക്, ടൊറണ്ടോ തുടങ്ങി അനേകം അന്താരാഷ്ട്ര കേന്ദ്രങ്ങളിൽ അദ്ദേഹം പ്രഭാഷണം നടത്തുകയുണ്ടായി. ഇതേ കാലയളവിൽ ഏകദേശം പത്തു

അന്താരാഷ്ട്ര കോൺഫ്രൻസുകളിൽ പങ്കെടുക്കുകയും ചെയ്തു. 1959-60 ൽ സൗദി അറേബ്യ, ജറൂശലേം ഉൾപെടുന്ന ജോർദാൻ, സിറിയ, ഈജിപ്ത് എന്നീ നാടുകളിൽ ഒരു പഠനയാത്രയും അദ്ദേഹം നടത്തുകയുണ്ടായി. ഖുർആനിൽ പരാമൃഷ്ട മായ സ്ഥലങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മനസ്സിലാക്കുകയായിരുന്നു ഈ യാത്രയുടെ ലക്ഷ്യം. മദീനയിലെ ഇസ്‌ലാമിക് യൂനിവേഴ്‌സിറ്റിയുടെ സ്ഥാപനത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ഉപദേശക സമിതിയിൽ അദ്ദേഹം അംഗമായിരുന്നു. ആ സർവകലാശാല, 1962-ൽ രൂപീകൃതമായതു മുതൽ അതിന്റെ അക്കാദമിക് കൗൺസിൽ മെമ്പർ കൂടിയാണ് അദ്ദേഹം. മക്കയിലെ റാബിഅത്തുൽ ആലമിൽ ഇസ്‌ലാമിയ്യയുടെ സ്ഥാപക സമിതിയിലും മദീനയിലെ ഇസ്‌ലാമിക നിയമ ഗവേഷണ അക്കാദമിയിലും അദ്ദേഹം അംഗമാണ്. ചുരുക്കത്തിൽ, ലോകമുസ്‌ലിംകൾക്ക് , പ്രചോദനത്തിന്റെ ഒരു ഗോപുരമാണ് അദ്ദേഹം. അനാരോഗ്യം നിമിത്തം അദ്ദേഹത്തിന്റെ ഊർജസ്വലത പരിമിതപ്പെട്ടുവെങ്കിലും ഹിമാലയം ഏഷ്യയുടെ കാലാവസ്ഥയെയും ആൽപ്സ് യൂറോപ്പിന്റെ കാലാവസ്ഥയെയും സ്വാധീനിക്കുന്നതുപോലെ, മൗദൂദിയുടെ ചിന്തകൾ മുസ്‌ലിം മനസ്സുകളുടെ കാലാവസ്ഥയെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

# മൗലാനാ മൗദൂദി-2
# സമഗ്രമായ മതദർശനം

മൗലാനാ മൗദൂദിയുടെ മതദർശനം തുടങ്ങുന്നത് അദ്ദേഹത്തിന്റെ ദൈവത്തെ സംബന്ധിച്ച കാഴ്ചപ്പാടിൽനിന്നാണ്. അത് തന്റെ സ്വന്തമായ കാഴ്ചപ്പാടാണെന്ന് അദ്ദേഹം അവകാശപ്പെടുന്നില്ല. എങ്കിലും, ഈയടുത്ത കാലത്തെങ്ങും, ആ കാഴ്ചപ്പാട് മറ്റാരും അദ്ദേഹത്തെപ്പോലെ ഊന്നിപ്പറഞ്ഞിട്ടില്ല. അതാണ് ദൈവത്തെ സംബന്ധിച്ച് യഥാർഥവും മൗലികവുമായ കാഴ്ചപ്പാടെന്നും എല്ലാ പ്രവാചകന്മാരും വിശദീകരിച്ചതിപ്രകാരമാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ''അല്ലാഹു ഒഴികെ മറ്റൊരു ദൈവമില്ല'' എന്ന ദൈവത്തിന്റെ ഏകത്വപ്രഖ്യാപനം, അത് പ്രഥമശ്രവണത്തിൽ സൂചിപ്പിക്കുന്ന ആശയത്തേക്കാൾ വളരെയധികം കാര്യങ്ങൾ ഉൾകൊള്ളുന്നതാണെന്ന് അദ്ദേഹം പറയുന്നു. സ്രഷ്ടാവെന്ന നിലയിലും ആരധനാപാത്രമെന്ന നിലയിലും അല്ലാഹു ഏകനാണ് എന്ന് മാത്രമല്ല, പ്രസ്തുത വാക്യത്തിന്റെ അർഥം. യജമാനൻ, പരമാധികാരി, നാഥൻ, നിയമദാതാവ് എന്നീ നിലകളിലെല്ലാമുള്ള അല്ലാഹുവിന്റെ അദ്വിതീയതകൂടി ആ വാക്യം സൂചിപ്പിക്കുന്നു. അടിസ്ഥാനപരമായി ദൈവത്തിന് മാത്രമേ, കൽപന നൽകാൻ അധികാരമുള്ളൂ. നിരുപാധികമായ സേവനവും അനുസരണവും മനുഷ്യന്റെ പൂർണമായ വിധേയത്വവും ആവശ്യപ്പെടാൻ അല്ലാഹുവിനു മാത്രമേ അവകാശമുള്ളൂ. മനുഷ്യവർഗത്തിന്റെ സ്രഷ്ടാവെന്ന നിലയിൽ, മനുഷ്യരോട് സൃഷ്ടിയുടെ യഥാർഥ ലക്ഷ്യമെന്തെന്ന് പറയാനും അതിലെത്താനുള്ള വഴി പറഞ്ഞുകൊടുക്കാനും അല്ലാഹുവിനേ അധികാരമുള്ളൂ. അതിനാൽ മേൽപറഞ്ഞ, ഇസ്‌ലാമിന്റെ വിശ്വാസപ്രഖ്യാപനം ഒരു ധാർമിക പ്രഖ്യാപനമാണ്. മനുഷ്യൻ തന്റെ അസ്ഥിത്വത്തിലാകെ നിരുപാധികമായ സേവനവും അനുസരണവും ആരാധനയും അർപ്പണവും അല്ലാഹുവിനു നൽകികൊണ്ട് അവനോടു പ്രതികരിക്കാനുള്ള ഒരു ആഹ്വാനമാണത്. അല്ലാഹുവിനുള്ള ഈ പരിപൂർണ സമർപ്പണത്തിന്റെ പേരാണ് ഇസ്‌ലാം (ഇസ്‌ലാം എന്ന പദത്തിന്റെ അർഥം തന്നെ സമർപ്പണം, വിധേയത്വം എന്നൊക്കെയാണ്) എന്ന് മൗദൂദി ഊന്നിപ്പറയുന്നു. പ്രപഞ്ചം മുഴുവൻ മുസ്‌ലിമാണ് അഥവാ ദൈവത്തിന്നു സമർപ്പിക്കപ്പെട്ട അവസ്ഥയിലാണ്. കാരണം, ദൈവം നിശ്ചയിച്ച പ്രകൃതിനിയമങ്ങളനുസരിച്ചാണ് പ്രപഞ്ചം നിലകൊള്ളുന്നത്. പ്രപഞ്ചത്തിലെ മനുഷ്യനല്ലാത്ത എല്ലാ വസ്തുക്കളും മനുഷ്യനിൽ തന്നെ അവന്റെ നിയന്ത്രണത്തിനതീതമായ ജൈവ പ്രതിഭാസങ്ങളും ദൈവത്തിന്നു സമർപ്പണം (ഇസ്‌ലാം) ചെയ്തിരിക്കുകയാണ്. മറ്റു ജീവജാലങ്ങൾക്കിടയിൽ മനുഷ്യനുള്ള സ്ഥാനം അതുല്യമാണ്. കാരണം, അവന് സ്വതന്ത്രേച്ഛയും ധാർമിക വീക്ഷണവും മറ്റു സവിശേഷതകളോടൊപ്പം ദൈവം നൽകിയിട്ടുണ്ട്. അവനു ദൈവത്തെ സേവിക്കുകയോ ധിക്കരിക്കുകയോ ചെയ്യാം. അതിനാൽ, ദൈവസേവനം കൊണ്ട് ഇസ്‌ലാം അർഥമാക്കുന്നത് സ്വമേധയായുള്ള സേവനം, അതായത് ദൈവത്തിന്റെ കൽപനകൾക്കും നിർദേശങ്ങൾക്കും പൂർണ മനസ്സോടെയുള്ള കീഴ്‌വണക്കമാകുന്നു.

ഈ ദൈവസങ്കൽപം- അതായത് പരമാധികാരിയും നിയമദാതാവും അവൻ മാത്രമാണെന്ന ഊന്നലോടുകൂടിയ ദൈവികസങ്കൽപം- പരമാധികാരത്തിന്റെ അടിസ്ഥാനതത്വങ്ങൾ വ്യക്തമാക്കിത്തരുന്നു. ദൈവിക നിർദേശങ്ങൾക്കു വിരുദ്ധമായ എല്ലാ നിയമങ്ങളും ആചാരങ്ങളും നടപടിക്രമങ്ങളും തള്ളിക്കളയേണ്ടതാണ്. ദൈവിക മാർഗനിർദേശത്തെ അവഗണിച്ചുകൊണ്ട് തെറ്റും ശരിയും നിർണയിക്കാൻ മനുഷ്യന്- അത് ഒരു വ്യക്തിയോ ഒരു സമൂഹമോ രാഷ്ട്രമോ മനുഷ്യവർഗമാകെയോ ആവട്ടെ- അവകാശമുണ്ടെന്ന് വാദിക്കുന്ന എല്ലാ തത്വങ്ങളും സിദ്ധാന്തങ്ങളും ദൈവത്തിന്റെ പരമാധികാരത്തെ നിഷേധിക്കുന്നവയായി കണക്കാക്കപ്പെടണം. ആ നിലക്ക് അവ സാക്ഷാൽ ഏക ദൈവത്തിനു പുറമെ, മറ്റു ദൈവങ്ങളെ സ്ഥാപിക്കുന്നവയുമാകുന്നു. ദൈവത്തിനുള്ള സമർപ്പണം എന്നാൽ മനുഷ്യന്റെ മുഴുജീവിതവും ദൈവം വെളിപാടുകളിലൂടെ വെളിവാക്കിത്തന്ന അവന്റെ ഇച്ഛയ്ക്കു അനുസൃതമാക്കുക എന്നാണർഥം.

മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ്; ആ നിലക്ക് ദൈവത്തെ സേവിക്കാനും അനുസരിക്കാനും കടപ്പെട്ടവനാണ്. മാത്രമല്ല, ഖുർനിന്റെ ഭാഷയിൽ ദൈവം മനുഷ്യന് ഭൂമിയിലെ അവന്റെ പ്രതിനിധിയെന്ന അതുല്യ പദവിയും നൽകിയിരിക്കുന്നു. ഓരോ മനുഷ്യനും ദൈവത്തിൽനിന്ന് ഈ പ്രാതിനിധ്യ ചുമതല ഏറ്റെടുത്തിട്ടുള്ളവരും ആ നിലക്ക് അല്ലാഹുവിങ്കൽ ഉത്തരം പറയേണ്ടവനുമാണ്. ലോകത്തിലെ സമസ്തവ്യവഹാരങ്ങളും ദൈവനിർദേശങ്ങളനുസരിച്ച് നടപ്പിലാക്കാനും ദൈവം മനുഷ്യന് കനിഞ്ഞു നൽകിയ എല്ലാ കഴിവുകളും ദൈവം നിശ്ചയിച്ച പരിധികൾക്കുള്ളിൽ നിന്നുകൊണ്ടുപയോഗിക്കാനും ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയ്ക്ക് മനുഷ്യൻ ബാധ്യസ്ഥനാകുന്നു.

ഇവിടെ, ഒരു ചോദ്യം ഉയരുന്നു. എങ്ങനെയാണ് മനുഷ്യൻ ദൈവത്തിന് കീഴ്‌വണങ്ങേണ്ടത്? താൻ പാലിക്കേണ്ട ദൈവത്തിന്റെ കൽപനകളും നിർദേശങ്ങളും എങ്ങനെയാണവന് അറിയാൻ സാധിക്കുക? ഇതിനുള്ള മറുപടി പ്രവാചകത്വ സിദ്ധാന്തത്തിൽനിന്ന് ലഭിക്കും. ദൈവത്തിന്റെ പരമാധികാരത്തിലുള്ള വിശ്വാസവുമായി ഉറ്റ ബന്ധമുള്ള ഒരു സിദ്ധാന്തമാണത്. പ്രവാചകത്വത്തെപ്പറ്റി ദീർഘമായി പ്രതിപാദിക്കുന്നുണ്ട്, മൗദൂദി. മാർഗദർശനത്തിനായുള്ള മനുഷ്യന്റെ നിതാന്തമായ ആവശ്യത്തോടുള്ള ദൈവത്തിന്റെ പ്രതികരണമായിട്ടാണ് അദ്ദേഹം പ്രവാചകത്വത്തെ കാണുന്നത്. പ്രവാചകത്വമെന്നത് മനുഷ്യവർഗത്തിന്റെ ആവശ്യമായതുകൊണ്ട് അത് ഒരു പ്രത്യേക വർഗത്തിന്റേയോ പ്രദേശത്തിന്റേയോ മാത്രം അവകാശമല്ല. ആദിമനുഷ്യൻ ആദിപ്രവാചകനുമായിരുന്നു. ഖുർആൻ പ്രകാരം ലോകത്തിന്റെ എല്ലാഭാഗങ്ങളിലും പ്രവാചകർ വന്നിട്ടുണ്ട്. ദിവ്യബോധനം എന്ന അസാധാരണമായ മാർഗത്തിലൂടെ ചില അടിസ്ഥാന സത്യങ്ങൾ വെളിപ്പെട്ടു കിട്ടിയവരാണ് പ്രവാചകർ. അവ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കാനും സ്വയം പ്രാവർത്തികമാക്കാനും ദൈവത്തിനുള്ള പൂർണ സമർപ്പണത്തിലേക്ക് മനുഷ്യരെ വിളിക്കാനും അവർ അനുശാസിക്കപ്പെട്ടിരിക്കുന്നു. പ്രവാചകരും അവരുടെ അനുയായികളും മുസ്‌ലിംകൾ (അഥവാ ദൈവത്തിനു കീഴ്‌വണങ്ങിയവർ) ആയിരുന്നു. അവർ പ്രബോധനംചെയ്ത ദൈവിക മാർഗനിർദേശം അതിന്റെ അന്തിമവും പൂർണവുമായ രൂപത്തിൽ മുഹമ്മദ് നബി(സ)ക്ക് വെളിപാടായി നൽകപ്പെട്ടു. അദ്ദേഹമത് മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കുക മാത്രമല്ല ചെയ്തത്; മറിച്ച് സ്വയം പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും തടടിസ്ഥാനത്തിലുള്ള ഒരു സമൂഹത്തിനു രൂപംനൽകുകയും ചെയ്തു. ഈ ദൈവിക മാർഗനിർദേശം അതിന്റെ തനതായ രൂപത്തിൽ ഖുർആനിലും മുഹമ്മദ്നബി(സ)യുടെ

ചര്യയിലും ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. പ്രായോഗികാർഥത്തിൽ പറയുമ്പോൾ, മുഹമ്മദ് നബിയുടെ വരവിന്ശേഷം, ദൈവത്തിനുള്ള സമർപ്പണമെന്നാൽ, ഖുർആനിലും സുന്നത്തിലും ആവിഷ്കരിക്കപ്പെട്ട നടപടിച്ചട്ടങ്ങൾ പാലിക്കുവാനുള്ള ശ്രമവും സന്നദ്ധതയുമാകുന്നു.

മനുഷ്യവർഗത്തിന് മാർഗദർശനം നൽകുക എന്നതിനുപുറമെ മനുഷ്യരുടെ ജീവിതം ശുദ്ധീകരിക്കാനും ഭൂമിയിൽ ദൈവത്തിന്റെ പരമാധികാരം സ്ഥാപിക്കാനും പ്രവാചകർ അനുശാസിക്കപ്പെട്ടിരുന്നു. എല്ലാ പ്രവാചകരും ഇതു നിർവഹിക്കുന്നതിന് ശ്രദ്ധിച്ചു. വ്യത്യസ്ത നിലയിൽ അവർ അക്കാര്യത്തിൽ വിജയംവരിക്കുകയും ചെയ്തു. ഈ ദൗത്യം പ്രവാചകന്മാരെ തങ്ങളുടെ കാലത്തെ അധികാര ശക്തികളുമായുള്ള ഏറ്റുമുട്ടലുകളിലേക്കു നയിച്ചു. കാരണം ഭരണകർത്താക്കൾ പരമാധികാരം സ്വന്തമാക്കി വെക്കുന്നവരാണ്. പ്രവാചകന്മാരുടെ വീക്ഷണത്തിലാകട്ടെ അത് ദൈവത്തിന് മാത്രം അവകാശപ്പെട്ടതുമാണ്. ദൈവം ഉണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ചായിരുന്നില്ല, പ്രവാചകരും അവരുടെ ജനങ്ങളും, അഥവാ പ്രവാചകരും അവരുടെ ഭരണകർത്താക്കളും തമ്മിൽ നിലനിന്ന തർക്കം. ദൈവത്തിന്റെ അസ്തിത്വം സ്രഷ്ടാവെന്ന നിലയിൽ പൊതുവെ സമ്മതിക്കപ്പെട്ടിരുന്നു. യഥാർഥത്തിൽ തർക്കം, ആരാണവരുടെ സാക്ഷാൽ ഭരണാധികാരി, യജമാനൻ? ആരെയാണ് അവർ നിയമദാതാവായി കണക്കാക്കേണ്ടത്? ആരുടെ കൽപനകളാണ് പാലിക്കേണ്ടത് എന്നത് സംബന്ധിച്ചായിരുന്നു. അതുപൊലെ പ്രവാചകൻ പഠിപ്പിച്ചുകൊടുത്ത "ഇബാദത്ത്" കേവലം പ്രാർഥനകളോ ആരാധനാ കർമങ്ങളോ ആയിരുന്നില്ല. മറിച്ച്, പരമമായ വിധേയത്വത്തിന്റെയും അനുസരണത്തിന്റെയും അവകാശിയായി ദൈവത്തെ അംഗീകരിക്കലും അവന്റെ ഇച്ഛക്കും കൽപനക്കുമൊത്ത് ജീവിക്കാനുള്ള സന്നദ്ധതയുമാണ് ഇബാദത്ത്.

അടിസ്ഥാനപരമായി വ്യത്യാസമുള്ള പരസ്പര വിരുദ്ധംതന്നെയായ രണ്ടുതരം സമീപനങ്ങൾ ജീവിതത്തോടുണ്ടെന്ന് മൗദൂദി ഊന്നിപ്പറയുന്നു. ഒന്ന്, ദൈവത്തെ പരമാധികാരിയും നിയമദാതാവുമായി അംഗീകരിച്ചുകൊണ്ട് അവനോട് ദാസനും അടിമയുമായി പ്രതികരിക്കുക; രണ്ട്, ദൈവത്തെ നിഷേധിച്ചും ധിക്കരിച്ചുംകൊണ്ട്, കൽപ്പിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം സ്വയമേറ്റെടുക്കുകയോ ദൈവമല്ലാത്തവർക്ക് വകവെച്ചുകൊടുക്കുകയോ ചെയ്യുക.

പ്രവാചകന്മാർ ഈ രണ്ടാമത്തെ മനോഭാവത്തെ ചോദ്യം ചെയ്യുകയും ഏക ദൈവത്തിനു വഴങ്ങാൻ മനുഷ്യരെ ക്ഷണിക്കുകയും ചെയ്തു. മനുഷ്യ ജീവിതത്തിന്നായുള്ള പ്രവാചക നിർദേശത്തെ ധിക്കരിക്കുന്ന തെറ്റായ സമീപനത്തെ മൗലാനാ മൗദൂദി "ജാഹിലിയ്യ" (അജ്ഞാനം എന്ന് ദുർബലമായ പരിഭാഷ) എന്നു വിളിച്ചു. ഇങ്ങനെ വിളിക്കാൻ കാരണം ജീവിതം നിയന്ത്രിക്കാനാവശ്യമായ ശരിയായ തത്വങ്ങളെ സംബന്ധിച്ച സത്യമായ ജ്ഞാനം പ്രവാചകർ മനുഷ്യർക്കു പഠിപ്പിച്ചുകൊടുത്ത വെളിപാടുകളിലല്ലാതെ മറ്റൊരിടത്തും ലഭ്യമല്ല എന്നതത്രെ. ഇന്ന് "ജാഹിലിയ്യ" വ്യത്യസ്ത രൂപങ്ങളിലും ഭാവങ്ങളിലും അനേകം ആന്തരിക വൈവിധ്യങ്ങളോടെ നിലനിൽക്കുന്നു. രൂപം എന്തായാലും അതൊക്കെ 'ജാഹിലിയ്യ'ത്തും ഇസ്‌ലാമിന് കടകവിരുദ്ധവും ആണെന്ന് മൗദൂദി സ്ഥാപിക്കുന്നു.

'ജാഹിലിയ്യ'യുടെ ആധിപത്യം അവസാനിക്കാത്തപക്ഷം ഇസ്‌ലാം യഥാർഥവും പൂർണവുമായ രൂപത്തിൽ നിലവിൽ വരികയില്ല. ഇക്കാരണത്താൽ പ്രവാചകരും അവരുടെ യഥാർഥ അനുയായികളും 'ജാഹിലിയ്യ'യുടെ ആധിപത്യത്തിന്നറുതി വരുത്താനുള്ള ശ്രമത്തിൽ വ്യാപൃതരായിരുന്നു. ഇത് അവരുടെ പരിശ്രമത്തിന് വിപ്ലവ സ്വഭാവം നൽകി.

മൗലാനാ മൗദൂദി ഊന്നിപ്പറയുന്ന മറ്റൊരുകാര്യം, ഖുർആനിലും സുന്നത്തിലും അടങ്ങിയിരിക്കുന്ന മാർഗനിർദേശം മനുഷ്യജീവിതത്തെ മുച്ചൂടം ചൂഴ്ന്നു നിൽക്കുന്നുവെന്നാണ്. ഇസ്‌ലാം ദൈവവും മനുഷ്യനും തമ്മിലുള്ള സ്വകാര്യബന്ധം മാത്രമാണെന്നോ, കുറെ അതിഭൗമിക വിശ്വാസങ്ങളുടെ സമുച്ചയം മാത്രമാണെന്നോ, ഉള്ള ആശയത്തെ മൗദൂദി നഖശിഖാന്തം എതിർക്കുന്നു. ഇസ്‌ലാം ഒരു ജീവിത പദ്ധതിയാണെന്നും, ഒരു സമ്പൂർണ ജീവിത പദ്ധതിയാണെന്നും അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് കാണിക്കുന്നു. വ്യാപാരമാകട്ടെ വ്യവസായമാകട്ടെ, സർക്കാർ കാര്യങ്ങളാകട്ടെ അന്താരാഷ്ട്ര കാര്യങ്ങളാകട്ടെ, മനുഷ്യജീവിതത്തിന്റെ ഒരു മേഖലയും ഇസ്‌ലാമിന്റെ പരിധിക്കപ്പുറമല്ല. ഒരു മുസ്‌ലിം, പള്ളിയുടെ നാലു ചുമരുകൾക്കുള്ളിൽ മാത്രം ദൈവത്തിനു കീഴ്‌വണങ്ങിയാൽപോരാ; മറിച്ച് എല്ലാ സ്ഥലങ്ങളിലും, എല്ലാ നാടുകളിലും, വീട്ടിലും, തെരുവിലും, യുദ്ധക്കളത്തിലും, സ്കൂളുകളിലും, കോളേജുകളിലും, സർവകലാശാലകളിലും, സാമ്പത്തിക കേന്ദ്രങ്ങളിലും, എന്നുവേണ്ട, എല്ലായിടത്തും ദൈവത്തിനു കീഴടങ്ങിയേ പറ്റൂ. ഏതാനും നിശ്ചിത ചര്യകളിൽ പരിമിതമല്ല ഈശ്വരസേവ. മനുഷ്യന്റെ ജീവിതം മുഴുവൻ ദൈവത്തിനുള്ള അർപ്പണവും സേവനവുമാവണം. ദൈവപ്രീതി നേടുന്നതും ദൈവികനിർദേശങ്ങൾ പാലിക്കുന്നതുമായ ഓരോ മാനുഷിക പ്രവർത്തിയും ഈശ്വരാരാധനയും ഈശ്വര സേവയുമാണ്.

ദൈവിക മാർഗദർശനം, ദൈവത്തിന്റെ അനന്തമായ വിജ്ഞാനവും വിവേകവും കാരുണ്യവും ഉള്ളടങ്ങിയതാകയാൽ ഇസ്‌ലാമിക ജീവിതരീതിക്കു രൂപം നൽകുന്ന തത്വങ്ങൾ ഉത്തമവും ആരോഗ്യകരവുമത്രെ. അത് നിർമിതമായ എല്ലാ പ്രസ്ഥാനങ്ങളെക്കാളും എത്രയോ ഉയരത്തിൽ മികച്ചുനിൽക്കുന്നു. മനുഷ്യധിഷണക്ക് ചില മേഖലകളിൽ മഹത്തായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രകൃതി ശാസ്ത്രങ്ങളുടെയും സാങ്കേതിക വിദ്യയുടെയും മേഖലകൾ ഇതിനുദാഹരണമാണ്. എന്നാൽ, മനുഷ്യപ്രകൃതിയുടെ വ്യത്യസ്ത വശങ്ങളോട് പൂർണമായും നീതി പാലിക്കുന്നതും അവന് സന്തോഷം പ്രദാനം ചെയ്യുന്നതുമായ തത്വങ്ങൾ നൽകാൻ മനുഷ്യധിഷണക്ക് ദൈവിക മാർഗനിർദേശത്തിന്റെ സഹായമില്ലാതെ സാധ്യമല്ല. മനുഷ്യ ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ ലഭ്യമായ ജ്ഞാന-വിജ്ഞാനങ്ങളുടെ ആകത്തുകയും മനുഷ്യന് ശരിയായ മാർഗദർശനം കൊടുക്കാൻ പര്യാപ്തമല്ല. തന്നെയുമല്ല, മൃഗീയ വികാരങ്ങൾ, സ്വാർഥമോഹങ്ങൾ, പലതരം പക്ഷപാതങ്ങൾ, സങ്കുചിത താൽപര്യങ്ങൾ തുടങ്ങിയവ മനുഷ്യന്റെ യുക്തിബോധത്തെ തടസ്സപ്പെടുത്തുകയും കാഴ്ചപ്പാടിനെ വികലമാക്കുകയും ചെയ്യുമെന്നത് പ്രശ്നം കൂടുതൽ സങ്കീർണമാക്കും. ഈ കാരണങ്ങളാലാണ് മനുഷ്യയുക്തി എപ്പോഴും രണ്ടു വ്യത്യസ്ത ധ്രുവങ്ങൾക്കിടയിൽ ആടിക്കൊണ്ടിരിക്കുന്നത്. പല പ്രശ്നങ്ങളെ സംബന്ധിച്ചും മനുഷ്യൻ കൈകൊണ്ടിട്ടുള്ള നിലപാടുകൾ പരിശോധിച്ചാൽ ഈ ദ്വിധ്രുവത വ്യക്തമാകും. വ്യക്തിയുടെയും സമൂഹത്തിന്റെയും താൽപര്യങ്ങൾ, സ്ത്രീ പുരുഷന്മാരുടെ വ്യത്യസ്ത പദവികൾ, തൊഴിലാളിയും മുതലാളിയും തമ്മിലുള്ള ബന്ധം എന്നിവ ഉദാഹരണം.

രണ്ടിന്റെയും ഗുണങ്ങളുൾക്കൊള്ളുന്ന മൂന്നാമതൊരാശയം ജന്മമെടുക്കുന്നു എന്ന ഹെഗലിന്റെ സിദ്ധാന്തം ഒരു ഭാഗികസത്യം മാത്രമാണെന്ന് മൗദൂദി ചൂണ്ടിക്കാട്ടുന്നു. സമൂഹ പ്രക്രിയയെ സംബന്ധിച്ച ഒരു ശരാശരി പ്രസ്താവനയിൽ കവിഞ്ഞ പ്രസക്തി അതിനില്ല. വിരുദ്ധ ദിശകളിൽ ഉയർന്നുവരുന്ന തീവ്രതകൾ മനുഷ്യയുക്തിയുടെ തരളതയെയാണ് വ്യക്തമാക്കുന്നത്. ഒരു ശരിയായ ഉത്തമ ജീവിതത്തിനുള്ള രൂപരേഖ നിഷ്പക്ഷമായി നിശ്ചയിക്കാൻ മനുഷ്യയുക്തി ശ്രമിക്കുമ്പോഴൊക്കെ ഈ വൈകല്യം പ്രകടമാകുന്നു. ഇക്കാരണത്താലാണ് ഖുർആനും സുന്നത്തും മുന്നോട്ടുവെക്കുന്ന ഇസ്‌ലാമിക ജീവിതരീതി ഭൂതകാലത്തേയോ വർത്തമാനകാലത്തേയോ ഏതു മനുഷ്യനിർമിത വ്യവസ്ഥയേക്കാളും ഉന്നതവും, ഐഹിക ജീവിതത്തിൽ -പരലോകത്തിന്റെ കാര്യം പറയേണ്ടതില്ലല്ലോ- മനുഷ്യന്റെ സന്തോഷത്തിനും ആത്മസാഫല്യത്തിനും കൂടുതൽ പ്രയോജനകരവും ആവുന്നത്.

ഇസ്‌ലാമിൽ തികച്ചും അന്യമായ

മൂല്യങ്ങളും സമ്പ്രദായങ്ങളും ഉൾക്കൊള്ളുന്ന പാശ്ചാത്യ സംസ്കാരത്തിനുള്ള ആഗോളാധിപത്യത്തെച്ചൊല്ലി ഇസ്‌ലാമിന് വേണ്ടി യാതൊരു ക്ഷമാപണ സമീപനവും സ്വീകരിക്കാതെ ഉറച്ചസ്വരത്തിൽ മൗദൂദി പ്രഖ്യാപിക്കുന്നു: പൂർവ്വകാല മനുഷ്യരുടെയെന്നപോലെ സമകാലീന മനുഷ്യരുടെയും മോക്ഷത്തിന് ഇസ്‌ലാമിക വ്യവസ്ഥിതി അനിവാര്യമാണ്. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളിൽ പാശ്ചാത്യ സംസ്കാരം നേടിയിട്ടുള്ള ശാസ്ത്രസാങ്കേതിക നേട്ടങ്ങളെ അദ്ദേഹം വിലമതിക്കുന്നു. അതേസമയം, പാശ്ചാത്യ സംസ്കാരത്തിന് നിർണിതമായ ഒരു ദിശാബോധമില്ലെന്നും അതിന്റെ അടിസ്ഥാന തത്വങ്ങളുടെ ദോഷം കാരണം, അത് ആന്തരികമായി ജീർണ്ണമാണെന്നും അദ്ദേഹം മനസ്സിലാക്കുന്നു. ദൈവത്തിന്റെ മാർഗനിർദേശങ്ങളിൽ നിന്നുള്ള അകൽച്ചയും അതിനോടുള്ള നിസ്സംഗതയുമാണ് പാശ്ചാത്യ നാഗരികതയുടെ അടിസ്ഥാനപരമായ തകരാറായി അദ്ദേഹം കാണുന്നത്. ദൈവിക മാർഗദർശനം പിൻപറ്റേണ്ട ആവശ്യമില്ലെന്നും തന്റെ കർമങ്ങളുടെ പേരിൽ ദൈവത്തിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടിവരില്ലെന്നുമുള്ള നിലപാടിൽ ആധുനിക മനുഷ്യൻ എത്തപ്പെട്ടിരിക്കയാണ്. വല്ലവരും ദൈവിക മാർഗനിർദേശം പിൻപറ്റേണ്ടതുണ്ടെന്ന് കരുതുന്നവരായുണ്ടെങ്കിൽതന്നെ, ആ മാർഗനിർദേശത്തെ മനുഷ്യജീവിതത്തിന്റെ വളരെ പരിമിതമായ ഒരു മേഖലയിൽ ഒതുക്കി നിർത്തിക്കൊണ്ട്, മനുഷ്യ ജീവിതത്തെ പക്ഷപാതിത്തങ്ങൾക്കും വികലവീക്ഷണങ്ങൾക്കും സങ്കുചിത താൽപര്യങ്ങൾക്കും പന്താടാൻ വിട്ടുകൊടുത്തിരിക്കയാണ്. ദൈവത്തിന്റെ മാർഗനിർദേശം ഉൾകൊള്ളാത്ത ആധുനിക മനുഷ്യൻ ബുദ്ധിശക്തിയുള്ള ഒരു മൃഗമായാണ് തന്നെ കാണുന്നത്. വ്യക്തമായി നിർവചിക്കപ്പെട്ട ധാർമിക മാനദണ്ഡങ്ങൾക്കു പകരം പ്രയോജന വാദപരമായ ഒരു വീക്ഷണമാണ് ധാർമികതയെക്കുറിച്ച് അവനുള്ളത്. ഫലത്തിൽ വ്യക്തിയുടെയും സംഘങ്ങളുടെയും അതിരുകടന്ന സ്വാർഥ താൽപര്യങ്ങളെ തടയുന്നതിന് പകരം പ്രോത്സാഹിപ്പിക്കുകയാണ് ഇത് ചെയ്യുന്നത്. സാർവലൗകിക സാഹോദര്യമെന്ന ആശയത്തെ കീറിമുറിച്ച്കൊണ്ട്, പരസ്പര വൈരത്തിന്റെയും അകൽച്ചയുടെയും വികാരങ്ങളുൾക്കൊള്ളുന്ന അനേകം ജനതകളായി മനുഷ്യകുടുംബം വിഭജിക്കപ്പെട്ടിരിക്കുന്നു. സ്നേഹവും സഹകരണവും പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. വ്യക്തികളുടെയും സംഘങ്ങളുടെയും അഹന്ത പ്രകൃതി പ്രതിഭാസമായും മനുഷ്യ പ്രയത്നത്തിന്റെ ന്യായമായ ലക്ഷ്യമായും കണക്കാക്കപ്പെടുന്നു. തൽഫലമായി, സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ അറുതിയില്ലാത്ത മൽസരവും സംഘർഷവുമുണ്ടാവുന്നു. കുടുംബ ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നില്ല. വിലപ്പെട്ട ധാർമിക ഗുണങ്ങൾ വളർത്തിയെടുക്കാനുള്ള ഒരു വേദിയായി കുടുംബത്തെ മാറ്റുന്നില്ല. പകരം ഐന്ദ്രിയ സുഖാസ്വാദനത്തോടുള്ള അത്യാസക്തി ചില പ്രത്യേക സാമൂഹിക പെരുമാറ്റങ്ങൾക്ക് ജന്മം നൽകുന്നു. അവ കുടുംബ ജീവിതത്തിന്റെ അടിത്തറ തകർക്കുകയും വികാരപരവും കർമപരവുമായ പരിശുദ്ധി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ബാഹ്യമായ വ്യത്യാസങ്ങളുണ്ടെങ്കിലും ഇന്നത്തെ എല്ലാ ഇസങ്ങളുടെയും അടിസ്ഥാന ദർശനം ഒന്നാകുന്നു. മനുഷ്യന്റെ ജീവിതലക്ഷ്യം നിർണയിക്കേണ്ടതും അവന്റെ പെരുമാറ്റച്ചട്ടങ്ങൾ നിശ്ചയിക്കേണ്ടതും ദൈവമല്ല, മനുഷ്യനാണ് എന്ന തത്വമാണത്. മൗലികയാഥാർഥ്യങ്ങൾക്കെതിരായതുകൊണ്ട് ഈ ദർശനം ധാർമികമായി തെറ്റും ചരിത്രപരമായി അപകടകരവുമാകുന്നു.

ആധുനിക സംസ്കാരത്തിന്റെ ജീർണതയെക്കുറിച്ച് ബുദ്ധിയും ഗ്രഹണശേഷിയുമുള്ള ആളുകൾ കൂടുതൽ കൂടുതൽ ബോധവാന്മാരായിവരികയാണെന്ന് മൗദൂദി പറയുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ വർത്തമാനകാല സംസ്കാരം തകർച്ചയിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. നിർമാണാത്മകമായ ഒരു ദർശനവുമായി ആരെങ്കിലും മുന്നോട്ടുവന്ന് ഒരു പുതിയ ലോകക്രമത്തിന് അടിത്തറയിടാനാവശ്യമായ തത്വങ്ങൾ നൽകുന്നില്ലെങ്കിൽ ലോകമാകമാനം ഭയാനകമായ ഒരു അന്ധകാരത്തിലേക്ക് നിപതിക്കും. അതിനാൽ, ഇസ്‌ലാമിക ജീവിത വ്യവസ്ഥയെ അതിന്റെ പൂർണമായ രൂപത്തിൽ- അതായത് അതിന്റെ അതിഭൗതിക തത്വങ്ങൾ, വ്യക്തിപരവും സാമൂഹികവുമായ പെരുമാറ്റച്ചട്ടങ്ങൾ, ഒരു നല്ല സമ്പദ്‌വ്യവസ്ഥിതിയും രാഷ്ട്രവും കെട്ടിപ്പടുക്കുന്നത് സംബന്ധിച്ചുള്ള നിർദേശങ്ങൾ എന്നിവയെല്ലാമടക്കം- വിശദീകരിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു.

ഒരു കൂട്ടം ധാർമിക ഗുണങ്ങൾ മനുഷ്യരിൽ വളർത്തിയെടുക്കാനുള്ള കഠിനയത്നം മാത്രമല്ല ഇതാവശ്യപ്പെടുന്നത്. മറിച്ച് മനുഷ്യ ജീവിതത്തെ സമ്പൂർണമായി പുനർനിർമിച്ച് ഒരു പുതിയ സമൂഹക്രമവും രാഷ്ട്രവും സ്ഥാപിച്ച് മനുഷ്യ ചരിത്രത്തിൽ ഒരു പുത്തൻ യുഗത്തിന് തുടക്കമിടുകയാണ് മൗദൂദിയുടെ ദർശനം മൗലികമായുദ്ദേശിക്കുന്നത്.

### പാശ്ചാത്യ സംസ്കാരത്തോടുള്ള സമീപനം

ഈ കാലഘട്ടത്തിൽ മനുഷ്യജീവിതത്തെ ഇസ്‌ലാമികമായി പുനർനിർമിക്കുന്നത് സംബന്ധിച്ച് സുപ്രധാനമായ ഒരു ചോദ്യം ഇതാണ്: ആധുനിക പാശ്ചാത്യ സംസ്കാരത്തോടും അതിന്റെ നേട്ടങ്ങളോടും നമ്മുടെ സമീപനമെന്തായിരിക്കണം? മൗലാനാ മൗദൂദി പറയുന്നു: ആധുനിക പാശ്ചാത്യസംസ്കാരവുമായി മുസ്‌ലിം സമൂഹത്തിനുള്ള ബന്ധം പൊതുവിൽ രണ്ടുതരം പ്രതികരണങ്ങളുളവാക്കിയിട്ടുണ്ട്. രണ്ടും അപര്യാപ്തമാകുന്നു. ഒന്ന് പരാജയ ബോധത്തിൽനിന്ന് ഉളവായതാണ്. അതായത്, "ആധുനികം" എന്നറിയപ്പെടുന്ന എല്ലാറ്റിനെയും വിവേചനമില്ലാതെ സ്വാഗതം ചെയ്യുക- പാശ്ചാത്യജീവിത സങ്കൽപം, പാശ്ചാത്യ നിയമസംഹിത, രീതി, പാശ്ചാത്യ സാമൂഹികാചാരങ്ങൾ, പാശ്ചാത്യ സിദ്ധാന്തങ്ങളും രാഷ്ട്രീയ സമീപനങ്ങളും, പാശ്ചാത്യ സാമ്പത്തിക ദർശനങ്ങൾ തുടങ്ങി എന്തിനെയും. തീർച്ചയായും പരാജയബോധത്തിൽ നിന്നുടലെടുത്ത ഈ പ്രതികരണവും മുസ്‌ലിംകൾക്ക് കുറച്ചൊക്കെ ഗുണം ചെയ്തിട്ടുണ്ട്. മുസ്‌ലിംകളുടെ അടഞ്ഞ നിശ്ചലമായ അവസ്ഥയെ അത് മാറ്റിയെടുത്തു. ഒരു പരിധി വരെ, വർത്തമാനകാല പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കി. എന്നാൽ ഈ ഗുണങ്ങളെയെല്ലാം നിസ്സാരമാക്കുന്നതാണ് അതിന്റെ ദോഷഫലങ്ങൾ. കാരണം അത് വിവേചനരഹിതമായ പാശ്ചാത്യവൽക്കരണത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഇസ്‌ലാമിക വ്യക്തിത്വത്തിന് കോട്ടം വരുത്തുകയും മനുഷ്യജീവിതത്തിന് മാർഗദർശനം നൽകാനുള്ള ഇസ്‌ലാമിന്റെ ശേഷിയെ തകർത്തുകളയുകയും ചെയ്യുന്നു.

മറ്റേ തീവ്രപ്രതികരണത്തെ മൗദൂദി 'നിശ്ചലം' എന്നാണ് വിശേഷിപ്പിച്ചത്. മുസ്‌ലിം സമൂഹത്തിന്റെ പ്രതിരോധ വാഞ്ഛയുടെ പ്രവർത്തനഫലമായാണത് പ്രത്യക്ഷപ്പെട്ടത്. പൂർവികരിൽ നിന്നു ലഭിച്ച പാരമ്പര്യങ്ങൾ ഒന്നൊഴിയാതെ കാത്തുസൂക്ഷിച്ചില്ലെങ്കിൽ ഇസ്‌ലാം തുടച്ചു നീക്കപ്പെടുമെന്ന വിചാരം മുസ്‌ലിംകളിൽ അത് സൃഷ്ടിച്ചു. ഈ വിചാരം വെച്ചുപുലർത്തുന്നവർ പാരമ്പര്യത്തിന്റെ ആരോഗ്യകരവും അനാരോഗ്യകരവുമായ വശങ്ങളെ വേർതിരിച്ചു കണ്ടില്ല. മുസ്‌ലിംകളെ അധഃപതനത്തിലേക്ക് നയിച്ച കാര്യങ്ങളെന്താണെന്ന് കണ്ടുപിടിക്കാനവർ ശ്രമിച്ചില്ല. അവരെ കവച്ചു അവരുടെ മേൽ ആധിപത്യം നേടാൻ പാശ്ചാത്യലേകത്തെ സഹായിച്ച വസ്തുതകൾ എന്തെന്നും പരിഗണിച്ചില്ല. തികഞ്ഞ യാഥാസ്ഥിക മനോഭാവം കൈകൊണ്ട് അവർ ഒരു പുരാവസ്തു പ്രേമിയുടെ ആവേശത്തോടെ ഒരോ മാറ്റത്തെയും എതിർക്കുകയും പഴയകാലത്തു നിന്നുവന്ന എല്ലാറ്റിനെയും മുറുകെ പിടിക്കുകയും ചെയ്തു. മൗദൂദി ഒരു കാര്യം ഉറപ്പിച്ചു പറയുന്നു: മുസ്‌ലിം പാരമ്പര്യത്തിന്റെ മാറ്റമില്ലാത്ത ആധാരശിലകൾ ഖുർആനിൽനിന്നും നബിചര്യയിൽനിന്നും ലഭിക്കുന്ന തത്വങ്ങൾ മാത്രമാണ്, മറ്റൊന്നുമല്ല. നമ്മുടെ മാനദണ്ഡം ഖുർആനും ഹദീസും മാത്രമാണ്. മുൻകാല മുസ്‌ലിംകൾ ചെയ്ത കാര്യങ്ങളായാലും ഇന്നത്തെ

മുസ്‌ലിംകൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളായാലും അവയെ വിലയിരുത്തേണ്ടത് ഖുർആനിന്റെയും ഹദീസിന്റെയും വെളിച്ചത്തിലാണ്. ഒരു മുസ്‌ലിമിന്റെ ഹൃദയം അഭിമാനംകൊണ്ട് നിറക്കാൻ മാത്രം നല്ല കാര്യങ്ങൾ മുസ്‌ലിം ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ മനുഷ്യപ്രവർത്തനങ്ങൾ ഉദ്ദേശ്യം എത്രതന്നെ നല്ലതായിരുന്നാലും എല്ലാ മുസ്‌ലിംകളും അനിവാര്യമായി മാതൃകയാക്കേണ്ടതല്ല. മുൻകാലത്ത് സംഭവിച്ച പലതിനെയും മൗദൂദി വിമർശിക്കുന്നുണ്ട്. മുസ്‌ലിം സമൂഹത്തിന്റെ വ്യത്യസ്ത വിഭാഗങ്ങളുടെ ഭരണകർത്താക്കൾ, പണ്ഡിതന്മാർ, ആത്മീയ നേതാക്കൾ. വീഴ്ചകളെ അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. പൂർവികരുടെ നല്ല തീരുമാനങ്ങൾ പോലും വരും കാലങ്ങളിലെ മുഴുവൻ മുസ്‌ലിംകളും സ്വീകരിക്കാൻ ബാധ്യസ്ഥരാണെന്ന് പറഞ്ഞുകൂടാ.

ഇവിടെ ഒരു കാര്യം വ്യക്തമാണ്. മൗദൂദിയുടെ വീക്ഷണം, പുരോഗമനവാദികൾ എന്നറിയപ്പെടുന്നവരുടെയും യാഥാസ്ഥികർ എന്നറിയപ്പെടുന്നവരുടെയും വീക്ഷണങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. മുസ്‌ലിം പാരമ്പര്യത്തെ (ഇസ്‌ലാമികവും അനിസ്‌ലാമികവും ആരോഗ്യകരവും അനാരോഗ്യകരവുമായ ഘടകങ്ങൾ ഉൾകൊള്ളുന്നതാണത്.) വിമർശനാത്മകമായ പരിശോധനക്കും ശ്രദ്ധാപൂർവകമായ വിശകലത്തിനും വിധേയമാക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നു. ഖുർആനിൽനിന്നും നബിചര്യയിൽനിന്നും ഉരുത്തിരിഞ്ഞ ഘടകങ്ങളെ മാത്രമേ സ്ഥിരമൂല്യങ്ങളുള്ളവയായി കണക്കാക്കാവൂ. ഇപ്രകാരം പാശ്ചാത്യസംസ്കാരത്തെയും നിശിതമായ നിരൂപണത്തിനും വിശകലത്തിനും വിധേയമാക്കണം. പാശ്ചാത്യജീവിത ദർശനം, പാശ്ചാത്യ മൂല്യ നിർണയ മാനദണ്ഡം, പാശ്ചാത്യ സാമൂഹിക ജീവിതത്തെ ബാധിച്ചിട്ടുള്ള തിന്മകൾ, ജീർണതകൾ എന്നിവ തീർച്ചയായും വർജ്ജിക്കപ്പെടണം. അതേസമയം, ആധുനിക പാശ്ചാത്യലോകം നൽകുന്ന ആരോഗ്യകരമായ ഘടകങ്ങൾ, അതിന്റെ ശാസ്ത്രങ്ങൾ, സാങ്കേതികവിദ്യ, കാര്യക്ഷമമായ സംഘടന ഭരണ നിർവഹണരീതികൾ- സ്വീകരിക്കാവുന്നതാണ്. ഈ ഘടകങ്ങളൊക്കെ അവ പാശ്ചാത്യമായ മൂല്യങ്ങളിൽനിന്ന് മുക്തവും, ഇസ്‌ലാമിക ജീവിതഘടനയോടു ചേർന്നുപോകുന്നതും ആണെങ്കിൽ അവ സ്വീകരിക്കുന്നതുകൊണ്ട് ഒരു ദോഷവുമില്ല. കാരണം, മനുഷ്യവർഗത്തിന്റെ മുഴുവൻ പൈതൃകവുമാണ് അവ. ആ പൈതൃകത്തിന്റെ വികാസത്തിൽ മറ്റേതൊരു ജനതയെയും പോലെ പൂർവികരായ മുസ്‌ലിംകളും സംഭാവനകളർപ്പിച്ചിട്ടുണ്ട്. ചില തത്വങ്ങളിലുള്ള വിശ്വാസമോ ചില ധാർമിക മൂല്യങ്ങളുടെ പ്രോത്സാഹനമോ ആയിരിക്കരുത് മുസ്‌ലിംകളുടെ യാഥാർഥലക്ഷ്യമെന്നുള്ളത് കൊണ്ടും അത്തരമൊരു സമീപനം ആവശ്യമാണ്. ഇസ്‌ലാം വിഭാവനം ചെയ്യുന്ന സമ്പൂർണ ജീവിത പദ്ധതിയെ വർത്തമാന യുഗത്തിലെ ഒരു യാഥാർഥ്യമാക്കുക എന്നതായിരിക്കണം മുസ്‌ലിംകളുടെ ലക്ഷ്യം.

ഇതാണ് മൗദൂദിയുടെ ഇസ്‌ലാമിക ദർശനത്തിന്റെ സുപ്രധാന വശം. മനുഷ്യന്റെ ബാഹ്യമായ പെരുമാറ്റവുമായി, പ്രത്യേകിച്ചും സാമൂഹിക തലവുമായാണത് പ്രധാനമായും ബന്ധപ്പെട്ടു നിൽക്കുന്നതെന്ന് വ്യക്തമാണ്. മതദാർശനികരുടെ ഭാഷ കടമെടുക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നത് മനുഷ്യൻ ദൈവത്തിന്റെ അതീന്ദ്രിയാസ്തിത്വത്തിൽ അവനോട് എങ്ങനെ പ്രതികരിക്കണം എന്നാണ്. സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിലെ ഇസ്‌ലാമിക ശാസനകളും മൂല്യങ്ങളും അവഗണിക്കപ്പെട്ട സാഹചര്യത്തിൽ ആ ശാസനകളിലും തത്വങ്ങളിലും ഊന്നൽ നൽകാനും അവയെക്കുറിച്ച വിശദീകരണങ്ങളിലേക്ക് കടക്കുവാൻ മൗദൂദി നിർബന്ധിതനായത് മനസ്സിലാക്കാവുന്നതാണ്. ഒരുപക്ഷേ, ഇക്കാരണത്താൽ ജനകീയ ജീവിതത്തിന്റെ സമ്പന്നമായ ആന്തരികതക്കും ദൈവസാമീപ്യം നേടാനുള്ള മനുഷ്യന്റെ സ്വതസിദ്ധമായ അഭിവാഞ്ചക്കും പഞ്ചേന്ദ്രിയങ്ങൾക്ക് അപ്രാപ്യമായതും അതേസമയം ജീവനാഡിയോടടുത്തു നിൽക്കുന്നതുമായ ഏകചൈതന്യത്തിലേക്ക് എത്തിപ്പെടാനുള്ള മനുഷ്യത്മാവിന്റെ നിരന്തരമായ പരിശ്രമത്തിനും മൗദൂദി പ്രാധാന്യം നൽകുന്നില്ലെന്ന് തോന്നും. അഥവാ (മതദാർശനികരുടെ ഭാഷയിൽ) ദൈവത്തിന്റെ സർവസാന്നിധ്യത്തോട് പ്രതികരിക്കേണ്ട വഴി അത്രതന്നെ ശക്തമായി മൗദൂദിയുടെ രചനകളിൽ അവതരിപ്പിക്കപ്പെടുന്നില്ലെന്ന്. മുസ്‌ലിം സമൂഹത്തിൽ, വിശേഷിച്ചും മൗദൂദി ജനിച്ചുവളർന്ന ഇൻഡോ-പാക്കിസ്ഥാൻ ഉപഭൂഖണ്ഡത്തിൽ ജനകീയ ജീവിതത്തിന്റെ ഈ വശത്തിന് വേണ്ടത്ര ഊന്നൽ കിട്ടിയിരുന്നു എന്ന വസ്തുത അനുസ്മരിക്കുമ്പോൾ ഇക്കര്യം മനസ്സിലാക്കാവുതേയുള്ളൂ. അതേസമയം പരമസത്തയെ ആരാധിക്കുകയും ഭയപ്പെടുകയും ചെയ്താൽ മാത്രംപോരാ എന്ന കാര്യം പരമഭക്തനായ മുസ്‌ലിം പോലും മറന്നുതുടങ്ങിയിരിക്കുന്നു. അതിനാൽ, ദൈവം പരമാധികാരിയായ നാഥനും നിയമദാതാവും ആണെന്നും ആ ശക്തിയോടുള്ള ഭക്തി ദൈവത്തിന്റെ സകല കൽപനകളും നിർദേശങ്ങളുംജീവിതത്തിന്റെ മുഴുവൻ മേഖലകളിലും പാലിക്കാനും ദൈവവചനത്തിന്റെ മേൽക്കോയ്മ ലോകത്തിൽ സ്ഥാപിക്കാനും ഭക്തനെ പ്രേരിപ്പിക്കേണ്ടതാണെന്നും ഓർമിപ്പിക്കേണ്ടതാവശ്യമായിരുന്നു. ഒരുരീതിയിൽ, കൂടുതൽ ശക്തവും അൽപം വ്യത്യസ്തവുമായ കൂറും പ്രതിബദ്ധതയും ദൈവത്തോടു പുലർത്താൻ ഇത് മുസ്‌ലിമിനെ പ്രേരിപ്പിക്കുന്നു. സമ്പന്നവും അഗാധവുമായ ഒരു ആത്മീയത കൂടാതെ ഇതു സാധ്യമല്ലെന്ന് മനസ്സിലാക്കാവുന്നതുമാണ്.

പ്രശ്നത്തിന്റെ ഈ വശം മൗദൂദിയുടെ രചനകളിൽ കൂടെക്കൂടെ ഉയർന്നു വരുന്നുണ്ട്. അദ്ദേഹത്തിന്റെ ഇസ്‌ലാമിക ദർശനത്തെപ്പറ്റി കൂടുതൽ സന്തുലിതമായ ഒരാശയം കിട്ടാൻ ഒരു ലഘുവിശകലനം ആവശ്യമാണ്. മതജീവിതത്തിന്റെ ആന്തരികവും അനുഭവജ്ഞാനപരവും വ്യക്തിപരവുമായ വശത്തോടുള്ള അദ്ദേഹത്തിന്റെ സമീപനം വിശദീകരിക്കാൻ വിശ്വാസ(ഈമാൻ)ത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ നമുക്ക് പരിശോധിക്കാം. അദ്ദേഹത്തിന്റെ മിക്ക രചനകളിലും മനുഷ്യന്റെ മതകീയ ജീവിതത്തിൽ വിശ്വാസത്തിന്നുള്ള കേന്ദ്രസ്ഥാനത്തിന് ഊന്നൽ നൽകിയിരിക്കുന്നു. മൗദൂദിയുടെ വീക്ഷണത്തിൽ ആഴത്തിൽ വേരൂന്നിയതും വിടർന്ന് പരന്നതുമായ വിശ്വാസം ഇസ്‌ലാമിക ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത അടിത്തറയാകുന്നു.

വിശ്വാസം മനുഷ്യനെ സ്രഷ്ടാവുമായി ശക്തമാംവിധം ബന്ധിപ്പിക്കുന്നു. ആ ജീവസ്സുറ്റ ബന്ധമില്ലാതെ ബാഹ്യമായി മതകീയം എന്നു വിശേഷിപ്പിക്കപ്പെടുന്ന എല്ലാ പ്രവർത്തികളും വന്ധ്യവും നിഷ്ഫലവുമായിരിക്കും. മൗദൂദിയുടെ വീക്ഷണത്തിൽ, ഇസ്‌ലാം മനുഷ്യന്റെ പ്രത്യക്ഷവും ഗോചരവുമായ പെരുമാറ്റത്തെയും കർത്തവ്യങ്ങളുടെ ബാഹ്യമായ നിർണയത്തെയും ആ പെരുമാറ്റത്തിൽ വിശ്വാസത്തിൽ വേരൂന്നിയ ചൈതന്യത്തെയും രണ്ടിനെയും സംബന്ധിക്കുന്നതാണ്. തുടിക്കുന്ന ഹൃദയത്തോടെ ദൈവത്തിങ്കലേക്ക് തിരിയാനും ദൈവത്തെ തന്റെ സ്നേഹത്തിന്റെയും അർപ്പണത്തിന്റെയും പരമമായ ലക്ഷ്യമാക്കാനുമെന്നപോലെ അനുസരണത്തിന്റെയും സേവനത്തിന്റെയും ലക്ഷ്യമാക്കാനും വിശ്വാസം മനുഷ്യനെ പ്രേരിപ്പിക്കുന്നു. ദൈവത്തിന്റെ നേരെ ശ്രദ്ധ കേന്ദ്രീകരിക്കാനും അവനെ മറ്റെല്ലാറ്റിനേക്കാളുമുപരി സ്നേഹിക്കാനും അത് പ്രേരണ നൽകുന്നു. ദൈവത്തോടു കൂടുതൽ അടുക്കുന്നതു വഴിയും ദൈവകൽപനകൾ പാലിക്കുന്നതിലൂടെയും മനുഷ്യന് അഗാധമായ ആന്തരികാനന്ദവും ആത്മസാക്ഷാൽക്കാരബോധവും വിശ്വാസം നൽകുന്നു. മൗദൂദിയുടെ അഭിപ്രായത്തിൽ "ഈ ലോകത്ത് മനുഷ്യന്റെ സകല പരിശ്രമങ്ങളുടെയും ഒരേയൊരു ലക്ഷ്യം ദൈവത്തിന്റെ സംതൃപ്തി നേടുകയാണ്." തൗഹീദിന്റെ അനിവാര്യമായ കാൽവെയ്പും ഇതു തന്നെ. ഈ വിധം ഒരാൾക്ക് വിശ്വാസമുണ്ടായാൽ, ഇസ്‌ലാമിക ജീവിതത്തിന്റെ അടിത്തറയിട്ടുകഴിഞ്ഞു. ആത്മീയ ജീവിതം സമ്പന്നമോ ദരിദ്രമോ ആകും. അത് അങ്ങേയറ്റത്തെ ഉയരങ്ങളിലേക്കുയരുകയും താഴ്ന്ന നിലവാരത്തിൽ നിലകൊള്ളുകയും ചെയ്യും. വിശ്വാസത്തിന്റെ

ആഴവും ആത്മാർഥതയുമനുസരിച്ചാണിതിരിക്കുന്നത്.

യഥാർഥ വിശ്വാസം, അതിന്റെ വാചാ പ്രഖ്യാപനമല്ല, മനുഷ്യനെ ദൈവകൽപനയനുസരിച്ച് സ്വഭാവ നടപടികൾ രൂപപ്പെടുത്താൻ സഹായിക്കും. ദൈവേഛ പ്രകാരം പ്രവർത്തിക്കുന്നതിനുള്ള ചാലകശക്തിയാണ് വിശ്വാസം. പ്രത്യക്ഷത്തിൽ ശാരീരിക ചലനങ്ങളായിരിക്കുന്നവയെ ദൈവവുമായുള്ള ആശയവിനിമയത്തിന്റെ ഉദാത്ത പ്രവർത്തനങ്ങളാക്കി മാറ്റുന്ന പ്രചോദന ശക്തിയാണത്. അതായത് ഇസ്‌ലാം -ദൈവകൽപനകൾക്കുള്ള ശരിയായ കീഴ്‌വഴക്കം- എന്നത് വിശ്വാസ(ഈമാൻ)ത്തിന്റെ ആവഷ്കരണമകുന്നു. ഈമാൻ അടിത്തറയും ഇസ്‌ലാം ആ അടിത്തറമേൽ പടുത്തുയർത്തിയ സൗധവും. "വിശ്വാസവും സമർപ്പണവും തമ്മിലുള്ള ബന്ധം വിത്തും അതു മുളച്ചുണ്ടാവുന്ന മരവും തമ്മിലുള്ള ബന്ധമാണ്" മൗദൂദിയുടെ വീക്ഷണത്തിൽ. വിശ്വാസമുണ്ടെങ്കിൽ ആത്മീയവളർച്ചയുടെ ഉയർന്ന ഘട്ടങ്ങളിലേക്കുയരാൻ കഴിയും. ആത്മീയ വളർച്ചയിലെ ഘട്ടങ്ങളിലൊന്നാണ് ഭക്തി (തഖ്‌വ). ഭക്തിയുടെ ലക്ഷണമായി സാധാരാണ കണക്കാക്കപ്പെടുന്ന ചില ബാഹ്യ പ്രകടനങ്ങളിൽ- പ്രത്യേക തരത്തിലുള്ള വേഷമണിയുക, സുഖസൗകര്യങ്ങളോടു നിഷേധാത്മകമായ സമീപനം സ്വീകരിക്കുക എന്നിങ്ങനെ- ഒതുങ്ങുന്നതല്ല തഖ്‌വ. "ഭക്തി ദൈവഭയത്തിൽ നിന്നുളവാകുന്ന മാനസിക ഭാവവും ഉത്തരവാദിത്ത ബോധവുമാകുന്നു. ജീവിതത്തിന്റെ സമസ്ത വശങ്ങളിലും പ്രകടമാകുന്ന ഒന്നാണത്." മൗദൂദി പറയുന്നു.

മനുഷ്യന്റെ ആത്മീയ വളർച്ചയുടെ ഏറ്റവും ഉയർന്ന ഘട്ടത്തെ മൗദൂദി 'ഇഹ്‌സാൻ' (ആത്മീയോൽക്കർഷാവസ്ഥ) എന്ന് വിളിക്കുന്നു. സുപ്രസിദ്ധമായ ഒരു പ്രവാചക വചനത്തിൽ ഉപയോഗിച്ചിട്ടുള്ള ഒരു പദമാണിത്. ദൈവത്തോടും ദൈവത്തിന്റെ ദൂതനോടും ദൈവം അവതരിപ്പിച്ച മതത്തോടുമുള്ള മനുഷ്യന്റെ അത്യഗാധമായ പ്രേമമാണ് ഇഹ്‌സാൻ എന്ന് മൗദൂദി ഊന്നിപ്പറയുന്നു. ദൈവത്തിനുള്ള അർപ്പണത്താൽ സ്വയം മറന്നുപോകുംവിധമുള്ള ആത്മാർഥ വിശ്വാസവും ആത്മാർപണ സന്നദ്ധതയുമാണ് ഈ അത്യഗാധ സ്നേഹം വിവക്ഷിക്കുന്നത്.

'തഖ്‌വ'യുടെ ചാലക ശക്തി ദൈവഭയമാണ്. എന്നാൽ ദൈവപ്രീതി കരസ്ഥമാക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ദൈവസ്നേഹമാകുന്നു 'ഇഹ്‌സാനിന്റെ' സത്ത. 'ഇഹ്‌സാനി'ന്റെ അർഥം, മനുഷ്യന്റെയും ദൈവത്തിന്റെയും ഇഛ ഒന്നായിത്തീരുക എന്നത്രെ. ദൈവത്തിന് ഇഷ്ടമുള്ളത് ദൈവത്തിന്റെ ദാസനും ഇഷ്ടമാകുന്നു. ദൈവത്തിന് ഇഷ്ടമില്ലാത്തത് ദൈവത്തിന്റെ ദാസനും ഇഷ്ടപ്പെടുന്നില്ല; ഇത് ഹൃദയത്തിന്റെ ഒരു നിഷ്ക്രിയാവസ്ഥയല്ല. 'ഈമാനി'നും 'ഇസ്‌ലാമി'നുമെന്നപോലെ 'ഇഹ്‌സാനി'നും, മൗദൂദിയുടെ വീക്ഷണത്തിൽ ക്രിയാത്മകമായ ഒരു പ്രാധാന്യമുണ്ട്. ദൈവത്തോടുള്ള ഉൽക്കടമായ സ്നേഹവും വിധേയത്വവും മറ്റൊന്നിനെയും ഭയപ്പെടാതെ നന്മയുടെ പ്രോത്സാഹനത്തിനും തിന്മയുടെ ഉച്ചാടനത്തിനും വേണ്ടി പരിശ്രമിക്കാൻ പ്രേരിപ്പിക്കുന്നു. "ഭൂമിയിൽ നിലനിൽക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്ന തിന്മകൾ വർജിക്കുക മാത്രമല്ല അവയെ ഭൂമുഖത്തു നിന്ന് തന്നെ തുടച്ചുനീക്കാൻ സർവശക്തിയുമുപയോഗിച്ച് ശ്രമിക്കുകയും ചെയ്യും അവന്റെ ദാസന്മാർ," മൗദൂദി പറയുന്നു. അതുമാത്രമല്ല, ദൈവം തന്റെ ഭൂമിയെ ഏതേത് നന്മകൾ കൊണ്ടലങ്കരിക്കാൻ ആഗ്രഹിക്കുന്നുവോ ആ നന്മകൾ വളർത്തിയെടുക്കാൻ വേണ്ടി സ്വജീവൻ ബലിയർപ്പിച്ചും അവർ യത്നിക്കും മൗദൂദിയുടെ വീക്ഷണത്തിൽ. "ഈ ഘട്ടത്തിലെത്തുമ്പോൾ മനുഷ്യൻ ദൈവവുമായി ഏറ്റവുമടുത്ത സാമീപ്യം കൈവരിക്കുന്നു; ഇതാണ് അയാളുടെ ആത്മീയ വളർച്ചയുടെ ഏറ്റവും ഉയർന്ന ഘട്ടം."

## മൗലാനാ മൗദൂദി – 3

# നവോത്ഥാനത്തിന്റെ ദാർശനിക ചട്ടക്കൂട്

**ചരിത്രവീക്ഷണം**

ചരിത്രത്തെപ്പറ്റി പൊതുവായി മൗദൂദി സ്വീകരിച്ചിട്ടുള്ള കാഴ്ചപ്പാട് പരിശോധിക്കാം. വിശേഷിച്ചും, പ്രവാചകനുശേഷമുള്ള മുസ്‌ലിം ചരിത്രം. മൗദൂദിയുടെ വീക്ഷണത്തിൽ ഇസ്‌ലാമും ജാഹിലിയ്യത്തുമായുള്ള നിരന്തര സംഘട്ടനമാണ് ചരിത്രം. നേരത്തെ സൂചിപ്പിച്ചതുപോലെ, 'ജാഹിലിയ്യ' എന്ന പദം 'ഇസ്‌ലാം' എന്നതിന്റെ വിപരീത പദമായിട്ടാണ് മൗദൂദി ഉപയോഗിച്ചിട്ടുള്ളത്. ദൈവത്തിന്റെ പരമാധികാരവും ദൈവിക മാർഗദർശനത്തിന്റെ ആധികാരികതയും നിഷേധിക്കുന്ന എല്ലാ ലോകവീക്ഷണങ്ങളും ചിന്താപദ്ധതികളും വിശ്വാസാചാരങ്ങളും 'ജാഹിലിയ്യ'ത്ത് ആണ്. 'ജാഹിലിയ്യ'ത്തിന് പലരൂപങ്ങളുണ്ടാവാം. പ്രകൃത്യാതീതവും ഇന്ദ്രിയാതീതവുമായ എല്ലാറ്റിനെയും പാടെ നിഷേധിക്കുന്ന ശുദ്ധ ജാഹിലിയ്യഃ ഉണ്ട്. ഭാഗികമായോ കലർപ്പുള്ളതോ ആയ അനേകതരം ജാഹിലിയ്യകൾ വേറെയും ഉണ്ട്. ഇവ സ്രഷ്ടാവിന്റെ അസ്തിത്വം അംഗീകരിക്കുന്നു. പക്ഷേ, അത് മറ്റുപല തെറ്റായ വിശ്വാസങ്ങളുമായി കൂടിക്കുഴഞ്ഞിരിക്കയാണ്. തന്മൂലം ദൈവിക മാർഗദർശനം മറ്റു പല ഘടകങ്ങളുമായി കലർന്ന് മലീമസമായിരിക്കുകയാണ്. ഭാഗികമായ ഈ ജാഹിലിയ്യഃ ചിലപ്പോൾ ലോക പരിത്യാഗംപോലെ, തീവ്ര ആത്മീയതയായി പരിണമിക്കും. മറ്റുചിലപ്പോൾ അത് തീവ്രമായ യോഗാത്മകഭാവം കൈകൊണ്ട് ദൈവാരാധനയെ അദ്വൈത ഭാവത്തിലേക്കോ, സർവേശ്വര ഭാവത്തിലേക്കോ എത്തിക്കും. അങ്ങനെ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വ്യത്യാസംതന്നെ വിസ്മരിപ്പിക്കും.

ഇസ്‌ലാം എല്ലാ രൂപങ്ങളിലും ഭാവങ്ങളിലുമുള്ള ജാഹിലിയ്യകൾക്കും കടക വിരുദ്ധമാണ്. അതിന്റെ ലക്ഷ്യം മനുഷ്യ ജീവിതത്തിൽ, അതിനെ ദൈവിക മാർഗ നിർദേശപ്രകാരം രൂപപ്പെടുത്തിക്കൊണ്ട് സമ്പൂർണമായ വിപ്ലവം സാധിക്കുകയാണ്. ഒരു വിശ്വാസ സംഹിതയും ഒരു ജീവിത വീക്ഷണവും ഒരു പുതിയ മൂല്യബോധവും ഒരു പുതിയ ധാർമിക പ്രതിബദ്ധതയും വ്യക്തിത്വത്തിന്റെയും മനോഭാവത്തിന്റെയും ഒരു ഉടച്ചുവാർക്കലും കൊണ്ടേ ഈ വിപ്ലവം സാധിക്കുകയുള്ളൂ. ഒരു രാസത്വരകംപോലെ അത് വ്യക്തികളുടെ ജീവിതത്തിൽ സമൂലമാറ്റം വരുത്തുകയും അങ്ങനെ വിശ്വാസത്തിന്റെ ഒരു പുതുസമൂഹത്തെ വളർത്തിയെടുക്കുകയും ചെയ്യുന്നു. ഉദ്ദിഷ്ട ലക്ഷ്യത്തിലേക്കുള്ള സാമൂഹ്യ പരിവർത്തനത്തിനുവേണ്ടി കർമനിരതമായ ഒരു ആദർശപ്രസ്ഥാനമായി സമൂഹം വളരുന്നു. മനുഷ്യ ജീവിതത്തിന്റെ പൂർണമായ പുനഃസംവിധാനമാണ് അവരുടെ ഈ ശ്രമം ലക്ഷ്യമാക്കുന്നത്. അത് അന്തിമമായ ഒരു പുതിയ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സംസ്ഥാപനത്തിലേക്ക് നയിക്കുന്നു. അഥവാ ഒരു പുതിയ വ്യവസ്ഥയുടെ സംസ്ഥാപനം. പ്രവാചക മാതൃകയിലുള്ള പ്രാധിനിധ്യ ഭരണം (ഖിലാഫ അലാമിൻഹാജിന്നുബുവ്വ) എന്നാണ് മൗദൂദി ആ പുതിയ വ്യവസ്ഥയെ വിളിക്കുന്നത്. ഇതിനുവേണ്ടി പരിശ്രമിക്കാൻ എല്ലാ മുസ്‌ലിംകളും ബാധ്യസ്ഥരാണെന്ന് മൗദൂദി പറയുന്നു.

ഈ കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ ഒരുവശത്ത് ഇസ്‌ലാമിക നവോത്ഥാനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെയും മറുവശത്ത് ഇസ്‌ലാമിന്റെ പേരിൽ ജാഹിലിയ്യയുമായി ഒത്തുതീർപ്പുണ്ടാക്കാനുള്ള ശ്രമങ്ങളെയും വിലയിരുത്താനുള്ള ഒരു സൈദ്ധാന്തിക ചട്ടക്കൂടിന് മൗദൂദി രൂപം നൽകിയിട്ടുണ്ട്. ജാഹിലിയ്യത്തും ഇസ്‌ലാമും തമ്മിലുള്ള സംഘട്ടനത്തിൽ രണ്ട് ധ്രുവങ്ങളുടെ ചുറ്റുമായിട്ടാണ് പരിശ്രമങ്ങൾ നടന്നുവരുന്നത്. ഒന്ന്, തജ്ദീദ്; അഥവാ ഇസ്‌ലാമിനെ അതിന്റെ മൗലിക പരിശുദ്ധിയിൽ പുനസ്ഥാപിച്ചുകൊണ്ട് ജീവിതത്തെയും സമൂഹത്തെയും ഇസ്‌ലാമിക തത്വങ്ങളും മൂല്യങ്ങളുമനുസരിച്ച് ഒരു നിശ്ചിത സ്ഥലകാല സാഹചര്യത്തിൽ പുനർനിർമാണം ചെയ്യുക. രണ്ട്, തജദ്ദുദ്: ഇതുകൊണ്ടുദ്ദേശിക്കുന്നത് മുഖ്യമായും താഴെപ്പറയുന്ന മൂന്ന് കാര്യങ്ങളോ, അവയിലേതെങ്കിലും ഒന്നോ ആണ്.

(i) ഇസ്‌ലാമിന്റെ യഥാർഥ ധാർമികസത്ത അവഗണിച്ച് ഭൗതിക താൽപര്യങ്ങളോടും ഭൂമിശാസ്ത്രപരമായ പിടിച്ചെടുക്കലുകളോടുമുള്ള അതിരുകടന്ന താൽപര്യം. ഇതു ജീവിതത്തിന്റെ ഭൗതികവും ആത്മീയവുമായ വശങ്ങൾക്കിടയിൽ ഇസ്‌ലാം പുലർത്തുന്ന സന്തുലിതത്വത്തെ തകർക്കുന്നു.

(ii) അതത് കാലഘട്ടത്തിലെ പ്രബലമായ ജാഹിലിയ്യത്തിന്റെ ആത്മാവിനോടും രൂപത്തോടും രാജിയാവുക. ഇസ്‌ലാമിന്റെയും ജാഹിലിയ്യത്തിന്റെയും ഒരു പുതിയ മിശ്രിതത്തിന് ഇത് രൂപം നൽകും.

(iii) അനിസ്‌ലാമിക സമൂഹങ്ങളിൽ നിന്ന് മൂല്യങ്ങളും തത്വങ്ങളും പെരുമാറ്റ രീതികളും കടം വാങ്ങുകയും അതേസമയം ഒരു ഇസ്‌ലാമിക മുഖം നിലനിർത്തുകയും ചെയ്യുക. വിശേഷിച്ചും, ഈ കടമെടുത്ത കാര്യങ്ങളെ ഇസ്‌ലാമിക സംജ്ഞകൾ കൊണ്ടു വിശേഷിപ്പിച്ചാണ് സാധാരണയായി ഇത് സാധിക്കുക.

**ഇസ്‌ലാമിക നവോത്ഥാനം ലക്ഷ്യവും നയവും**

മേൽപറഞ്ഞ രണ്ടു സമീപനങ്ങളും ചലനാത്മകമാണെങ്കിലും ഇസ്‌ലാമിക വിപ്ലവത്തിന്റെ ലക്ഷ്യങ്ങൾ തജ്ദീദ് വഴിയേ സാധിക്കുകയുള്ളൂ. തജദ്ദുദ് വഴി സാധിക്കുകയില്ല. പ്രവാചകന്മാർ ഇസ്‌ലാമിക സംസ്ഥാപനത്തിന്നുവേണ്ടി നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് തജ്ദീദ്. ഉറച്ച വിശ്വാസത്തിൽനിന്നും ദൈവേഛയനുസരിച്ച് ജീവിക്കാനുള്ള ദൃഢനിശ്ചയത്തിൽ നിന്നുമാണതുൽഭവിക്കുന്നത്. അതിന്റെ സത്ത രചനാത്മകമാണ്. അത് ഉയർന്ന ലക്ഷ്യബോധത്താൽ പ്രചോദിതമാണ്. നല്ല അവധാനതയും യാഥാർഥ്യബോധവും ധാർമികവും ഭൗതികവുമായ തയാറെടുപ്പും അതിന്നാവശ്യമാണ്. ഇത്തരമൊരു ശ്രമത്തിൽ തീവ്രത കൈവെടിയേണ്ടതുണ്ട്. ഇസ്‌ലാമിക തത്വങ്ങൾ രൂപത്തിലും ചൈതന്യത്തിലും സാക്ഷാൽക്കരിക്കാനാണ് നോക്കേണ്ടത്. ഇതിനു മൂന്നു പ്രാഥമിക ഘട്ടങ്ങളുണ്ട്.

(i) ഒരു പ്രത്യേക സ്ഥല-കാല സാഹചര്യത്തിൽ ഇസ്‌ലാമും ജാഹിലിയ്യത്തും തമ്മിലുള്ള സംഘർഷമായി ബന്ധപ്പെടുത്തിക്കൊണ്ട് നിലവിലുള്ള അവസ്ഥയെ വിശകലനം ചെയ്യുക. "ജാഹിലിയ്യഃ സ്വീകരിച്ചിട്ടുള്ള വിവിധ രൂപങ്ങൾ തിരിച്ചറിയുന്നതിനും അതിന്റെ ഊർജസ്രോതസ്സുകൾ കണ്ടുപിടിക്കുന്നതിനും ഇസ്‌ലാമും ജാഹിലിയ്യത്തും തമ്മിൽ ഏറ്റുമുട്ടുന്ന മർമങ്ങൾ കണ്ടെത്തുന്നതിന്നും നിലവിലുള്ള അവസ്ഥയുടെ സ്പഷ്ടവും സത്യ

സന്ധവുമായ വിലയിരുത്തൽ ആവശ്യമാണ്. ഒപ്പം തന്നെ സമകാലീന മുസ്‌ലിം ജീവിതത്തിന്റെ ദൗർബല്യങ്ങളുടെ ഉറവിടങ്ങളും പരിശോധിക്കണം. ഒരു സമൂല പരിശോധന നടത്തി ചരിത്രത്തിന്റെ ഈ സവിശേഷ ദശാസന്ധിയിൽ മുസ്‌ലിം സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രധാന രോഗങ്ങൾ നിർണയിക്കണം.

(ii) ഈ ധൈഷണിക പ്രയത്നത്തിന്റെ ലക്ഷ്യം മുസ്‌ലിംകളുടെ ജീവിതത്തിൽ ഇസ്‌ലാമിക തത്വങ്ങൾ ഒരിക്കൽ കൂടി നടപ്പിലാക്കാൻവേണ്ടി, ഉപരിസൂചിത വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നയപരിപാടിക്ക് രൂപം കൊടുക്കുകയാവണം.

(iii) യാഥാർഥ്യ ബോധത്തോടുകൂടിയ നയരൂപീകരണത്തിന് പ്രസ്തുത കാലത്ത് ലഭ്യമായ വിഭവങ്ങൾ എന്തൊക്കെയെന്നും പരിശോധിക്കേണ്ടതുണ്ട്. സ്വയം വിലയിരുത്തലിന്റെയും ലഭ്യമായ മാനസികവും ധാർമികവും ഭൗതികവുമായ വിഭവങ്ങളുടെ ശ്രദ്ധാ പൂർവമായ കണക്കെടുപ്പിന്റെയും വെളിച്ചത്തിൽ മാത്രമെ ഒരു നവോത്ഥാന പദ്ധതിക്കു രൂപം നൽകാൻ കഴിയൂ. മേൽപറഞ്ഞ ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിന്നു വേണ്ടി ഏറ്റവും ഫലവത്തായ മാർഗങ്ങൾ ഉപയോപ്പെടുത്തേണ്ടതുണ്ട്.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എന്തായിരിക്കണം? ഇസ്‌ലാം നിലകൊള്ളുന്നത് ഒരു സമൂല പരിവർത്തനത്തിനും അന്തിമമായി ഒരാദർശ ഇസ്‌ലാമിക വ്യവസ്ഥ -'ഖിലാഫ: അലാമിൻ ഹാജിന്നുബുവ്വ'യുടെ സംസ്ഥാപനത്തിന്നും ആയതുകൊണ്ട് ഈ പരിപാടികൾക്ക് താഴെപറയുന്ന ഘടകങ്ങൾ അനിവാര്യമാണ്.

(എ) അതത് കാലഘട്ടത്തിലെ ജനങ്ങൾക്ക് മനസ്സിലാവുന്ന ഭാഷയിൽ ഇസ്‌ലാമിന്റെ ആദർശങ്ങളും തത്വങ്ങളും പുനരാവിഷ്കരിക്കണം. ഇതിനു വേണ്ടി നിലവിലുള്ള 'ജാഹിലിയ്യ' ആശയങ്ങളുടെ ശ്രദ്ധാപൂർവമായ പഠനവും വിശകലനവും നിരൂപണവും നടത്തണം. എന്നിട്ട് മനുഷ്യനിർമിത ആശയങ്ങളുടെ മൂല പ്രമാണങ്ങളേക്കാൾ ഇസ്‌ലാമിക തത്വങ്ങൾക്കുള്ള മേന്മയും പ്രസക്തിയും സ്വയം സ്പഷ്ടമാകുന്ന വിധം അവതരിപ്പിക്കണം. ഇസ്‌ലാമിക ലോക വീക്ഷണത്തിന്റെ സിദ്ധാന്തപരവും പ്രയോഗപരവുമായ വിവരങ്ങൾ തെളിയിച്ചു കാട്ടാനും ഇസ്‌ലാമിക ജീവിത രീതിയെ അതിന്റെ എല്ലാ ഭാവങ്ങളോടും കൂടി വിശദമാക്കാനും പര്യാപ്തമായ ശക്തിയുറ്റ ധൈഷണിക യത്നം ഇതിന്നാവശ്യമാണ്.

(ബി) ജനങ്ങളിൽ ഇസ്‌ലാമിക സ്വഭാവം കരുപ്പിടിപ്പിക്കാനും പരിഷ്കരണത്തിനും പുനർ നിർമാണത്തിനുമായുള്ള പരിശ്രമത്തിൽ അവരെ പങ്കാളികളാക്കാനും വേണ്ടി അവരുടെ ജീവിതത്തിന്റെ ധാർമിക ഘടന അഴിച്ചു പണിയണം. സാമൂഹിക ശീലങ്ങൾ, ആചാരങ്ങൾ, വിദ്യാഭ്യാസ സാമ്പത്തിക സാമൂഹിക സ്ഥാപനങ്ങൾ, രാഷ്ട്രീയ ശക്തി ഇവയൊക്കെയും ഈ പരിവർത്തനത്തിന്നു വിധേയമാക്കണം. ഇസ്‌ലാമിന്റെ സത്തക്ക് വിരുദ്ധമായ വഴി തെറ്റിയ പരിഷ്കാരങ്ങളിൽനിന്നും സാമൂഹ്യ ജീവിതത്തെ മോചിപ്പിച്ച് അതിനെ നബിചര്യയുമായി രഞ്ജിപ്പിക്കണം.

(സി) ഈ പ്രവർത്തനങ്ങൾക്കെല്ലാം 'ജ്തിഹാദുഫിദ്ദീൻ' അനിവാര്യമാക്കുന്നു. അതായത് ഇസ്‌ലാമികാദർശങ്ങൾ, തത്വങ്ങൾ, മൂല്യങ്ങൾ എന്നിവ സാഹചര്യങ്ങളിൽ പുനഃപ്രവേശിപ്പിക്കുക. ഇസ്‌ലാമികാദർശങ്ങളെയും ഇസ്‌ലാമിന്റെ മുൻഗണാക്രമത്തെയും കുറിച്ചുള്ള നല്ല ധാരണയും യഥാർഥ മുസ്‌ലിംജീവിതത്തിലെ അടിസ്ഥാന ഘടകങ്ങളെയും ആകസ്മിക ഘടകങ്ങളെയും ശ്രദ്ധാപൂർവം വിവേചിക്കലും ഈ പ്രക്രിയയിൽ നിർണായകമാണ്.

ഇസ്‌ലാമിക വ്യവസ്ഥയുടെ ചലന തത്വമാണ് 'ഇജ്തിഹാദ്'. ജീവിത പ്രവാഹത്തെ ഇസ്‌ലാമിക മാർഗനിർദേശങ്ങളനുസരിച്ച് മുന്നോട്ട് നയിക്കുന്നതിനുള്ള സർഗാത്മക ചിന്തയും പ്രവർത്തനവും ധൈഷണിക തലത്തിൽ നടത്തുന്ന ഇജ്തിഹാദും പ്രായോഗിക തലത്തിൽ നടത്തുന്ന ജിഹാദും (പോരാട്ടം) മുഖേനെയാണ് സാധിക്കേണ്ടത്. രണ്ടും തോളുരുമ്മി നീങ്ങണം. കാരണം ഒരു വശത്ത്, തങ്ങളുടെ ലക്ഷ്യങ്ങളെപ്പറ്റിയും അവ കൈവരിക്കുന്നതിനുള്ള പ്രായോഗിക തന്ത്രങ്ങളെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും മറുവശത്ത് ആ ലക്ഷ്യങ്ങൾ യാഥാർഥ്യവൽക്കരിക്കുന്നതിനാവശ്യമായ നിശ്ചയദാർഢ്യവും ഊർജവും മുസ്‌ലിംകൾക്കുണ്ടാവണം. ഇനി ഇസ്‌ലാമിക ജീവിതരീതിയുടെ അർഥ തലങ്ങൾ വിശദമാക്കുകയും ഇസ്‌ലാമിനെ യാഥാർഥ്യവൽക്കരിക്കാൻ ധിഷണാപരവും പ്രയോഗപരവുമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ആൾ എങ്ങിനെയിരിക്കണം എന്ന് നോക്കാം. വ്യക്തിപ്രഭാവം പ്രധാനമാണ്. സ്ഥലകാല സാഹചര്യത്തിൽ മാറ്റത്തിന്റെ ഒരു പ്രധാന ചാലക ശക്തിതന്നെയാണത്. എങ്കിലും നവോത്ഥാന പ്രസ്ഥാനം ഒരു വ്യക്തിയെ കേന്ദ്രീകരിച്ചുള്ളതാവണമെന്നില്ല. ആവുകയുമരുത്. ഇസ്‌ലാമിൽ പ്രവാചകനൊഴികെ ആർക്കും മതപരമായ ആധികാരികതയില്ല. വേണ്ടത് ഒരു സാമൂഹ്യ പ്രസ്ഥാനമാണ്. അതേസമയം ഫലങ്ങളെ സംബന്ധിച്ചേടത്തോളം പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിക്കുകയും സംഘടിപ്പിച്ചു കൊണ്ടുപോവുകയും ചെയ്യുന്ന നേതൃത്വത്തിന്റെ സ്വഭാവത്തെ അത് ഏറെ ആശ്രയിച്ചിരിക്കുന്നു.

പഴയകാലത്ത് 'മുജദ്ദിദു'കളുടെ മാസ്മര വ്യക്തിത്വത്തെ ആശ്രയിച്ചാണ് പ്രസ്ഥാനങ്ങൾ നിലകൊണ്ടത്. അതേ ധർമം ആധുനിക കാലത്ത് ശരിയായി സംഘടിപ്പിക്കപ്പെട്ട സംഘടനകൾക്ക് നിർവഹിക്കാൻ കഴിയും. അതേ, പൂർണമായ മാറ്റത്തിന്ന് ഒരു സംഘടിത പ്രസ്ഥാനം തുടങ്ങേണ്ടതുണ്ട്. ഈ ദൗത്യ നിർവഹണാർഥം ഒടുവിൽ അത് ഒരു രാഷ്ട്രീമായി മാറുകയും വേണം.

**സമകാലീന സാഹചര്യത്തിൽ മാതൃകയുടെ ഉപയോഗം**

പ്രവാചകൻ സ്ഥാപിച്ച, സച്ചരിതരായ ഖലീഫമാരുടെ കാലത്ത് അതേ മാതൃകയിൽ വികാസം പ്രാപിച്ച ആദർശക്രമത്തിൽനിന്ന് മുസ്‌ലിം സമൂഹം ക്രമേണ വ്യതിചലിച്ചുകൊണ്ടിരുന്നതായി സമകാലീന സാഹചര്യത്തെ വിലയിരുത്തിക്കൊണ്ട് മൗദൂദി പറയുന്നു. ഇസ്‌ലാമിക രാഷ്ട്രഘടനയിൽ സംഭവിച്ച ആദ്യത്തെ പ്രധാന മാറ്റം ഖിലാഫത്തിൽനിന്ന് ഏറെക്കുറെ ലൗകിക സ്വഭാവമുള്ള രാജഭരണത്തിലേക്കുള്ള വ്യതിയാനമായിരുന്നു. ഈ മാറ്റം രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽ ഇസ്‌ലാമിന്റെ പങ്കിനെ സാരമായി ബാധിച്ചു. ക്രമേണ ജീവിതത്തിന്റെ ഏകതയെക്കുറിച്ച ആശയം തന്നെ ദുർബലപ്പെട്ടു. അറിഞ്ഞോ അറിയാതെയോ മതവും രാഷ്ട്രീയവും തമ്മിൽ ഒരു പരിധിവരെ വേർതിരിക്കുകയും ചെയ്തു. എന്നല്ല, നേതൃത്വം തന്നെ രാഷ്ടീയം, മതപരം എന്നിങ്ങനെ വെവ്വേറെ മേഖലയായി. രണ്ടിനും അവരുടേതായ പ്രത്യേക സ്വാധീനമേഖലകളുമുണ്ടായിരുന്നു.

രണ്ടാമത്തെ പ്രധാന മാറ്റം വിദ്യാഭ്യാസ സമ്പ്രദായത്തിലാണുണ്ടായത്. ഇത് കടുത്ത ദുരന്തഫലങ്ങളുളവാക്കി. മുസ്‌ലിം സമൂഹത്തെ കീറിമുറിച്ച ഭിന്നിപ്പികളും സംഘർഷങ്ങളും നിലനിർത്തി. ഇതു മനുഷ്യയത്നത്തിന്റെ എല്ലാ പ്രധാനമേഖലകളിലും ഇസ്‌ലാമിക സംസ്കാരത്തിന്റെ ഓജസ്സ് നിലനിർത്തപ്പോന്ന സർഗാത്മകതയുടെ ഉറവിടങ്ങളെ വറ്റിച്ചുകളയുകയും ചെയ്തു.

ഈ മാറ്റങ്ങളുടെ ഫലമായി ജനങ്ങളുടെ ധാർമികജീവിതം അധഃപതിച്ചു. ജനങ്ങൾക്ക് ഇസ്‌ലാമിന്നോടുള്ള അർപ്പണവും ആത്മാർഥതയും ദുർബലമായി. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള അകലം വർധിച്ചു. അങ്ങനെ 'നിഫാഖ്' (കാപട്യം) എന്ന ധാർമികരോഗം ശക്തിപ്പെട്ടു. ഈ അവസ്ഥ നന്നാക്കിയെടുക്കാൻ വ്യാപകമായ പരിശ്രമങ്ങൾ മുസ്‌ലിം ചരിത്രത്തിലുടനീളം നടത്തപ്പെട്ടിട്ടുണ്ട്. എന്നാൽ പാശ്ചാത്യ-കൊളോണിയൽ ശക്തികൾക്ക് മുസ്‌ലിംകൾ കീഴടങ്ങുന്നേടത്തോളം ഈ ജീർണത തുടർന്നു. ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസമുൾപെടെയുള്ള എല്ലാ മേഖലകളിലും വിദേശവ്യവസ്ഥ അടിച്ചേൽപിക്കപ്പെട്ടു. പുതിയ വിദ്യാഭ്യാസ വ്യവസ്ഥയുടെ ഫലമായി പ്രായോഗികജീവിതത്തിൽ മതവും രാഷ്ട്രീയവും തമ്മിലുള്ള വേർപ്പിരിവ് ക്രമേണ മുസ്‌ലിം സമൂഹത്തിലാകെ സ്വീകരിക്കപ്പെട്ട ഒരവസ്ഥ വന്നു ചേർന്നു. മുസ്‌ലിംകൾ വിദേശനുകം വലിച്ചെറിഞ്ഞപ്പോൾ, കൊളോണിയൽ വിദ്യാ

ഭ്യാസവും വിദേശാധിപത്യവും രൂപംകൊടുത്ത ജീവിതശൈലിയും മനോഭാവവുമായി വന്ന ഒരു പുതിയ നേതൃത്വത്തിലാണ് മുസ്‌ലിം രാഷ്ട്രങ്ങളുടെ ഭരണം ചെന്നുപെട്ടത്. ഈ നേതാക്കൾക്ക് ഇസ്‌ലാമിനെപ്പറ്റി ശരിയായ ധാരണ തന്നെയില്ല. മിക്കവാറും അനിസ്‌ലാമിക ദർശനങ്ങൾക്കും മൂല്യങ്ങൾക്കും വശംവദരായിട്ടാണ് അവരുടെ ജീവിതം. മുൻകാലങ്ങളിൽനിന്നു കിട്ടിയ അനേകം ദൗർബല്യങ്ങൾ വേറെത്തന്നെ മുസ്‌ലിംകൾക്കുണ്ടായിരുന്നു. ഇക്കാലത്ത് ഇസ്‌ലാമിനെക്കുറിച്ച് ശരിയായ വിവരമില്ലായ്മ, കാപട്യം (നിഫാഖ്), ഇസ്‌ലാമിക ധാർമിക മൂല്യങ്ങളുടെ അപചയം, നേതൃത്വവും ജനങ്ങളും തമ്മിലുള്ള സംഘർഷം, ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ തകർച്ച, ഇവയെല്ലാമാണ് മുസ്‌ലിം സമൂഹത്തിന്റെ പ്രധാന ബലഹീനതകൾ. സാമാന്യ ജനത്തിന് ഇസ്‌ലാമിനോട് സ്നേഹമുണ്ട്. അതിന്റെ അർഥമോ സന്ദേശമോ അവർ ശരിയായി മനസ്സിലാക്കിയിട്ടില്ല. നേതൃത്വമാകട്ടെ, ഇസ്‌ലാമിക ജീവിത വ്യവസ്ഥക്ക് പൂർണമായി വഴങ്ങാൻ തയ്യാറില്ലാത്തവരുടെ കൈകളിലുമാണ്. അവർക്കു ഇസ്‌ലാമിക വ്യവസ്ഥയെപ്പറ്റി ശരിയായ വിവരവുമില്ല. ഇതു മുസ്‌ലിം സമൂഹം രണ്ടു വ്യവസ്ഥകൾ തമ്മിലുള്ള വടംവലിയിൽ ഉഴലാൻ കാരണമാക്കി. ഇസ്‌ലാമിക വ്യവസ്ഥയും സമകാലീന പാശ്ചാത്യ സംസ്കാരത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ട ആധുനിക ജാഹിലിയ്യവ്യവസ്ഥയും തമ്മിലുള്ള വടംവലി മതവും മനുഷ്യന്റെ പ്രായോഗിക ജീവിതവും വേർപെടുത്തണം എന്ന തത്വത്തിന്റെ അടിത്തറയിലാണ് പാശ്ചാത്യ സംസ്കാരം നിലകൊള്ളുന്നതെന്ന് സുവിദിതമാണല്ലോ. ദൈവത്തെയോ ദൈവിക നിയമത്തെയോ പരിഗണിക്കാത്ത മനുഷ്യജീവിതത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ഘടനയെ അവന്റെ ലൗകിക കാര്യങ്ങളെ പാടെത്തന്നെ രൂപപ്പെടുത്താനാണതാഗ്രഹിക്കുന്നത്. ഈ സാഹചര്യം എങ്ങനെ നന്നാക്കാം? മൗദൂദിയുടെ മറുപടി വിശ്വാസവും നിരന്തരമായ പരിശ്രമവും മുഖേന.

പാക്കിസ്ഥാനെ ഒരു മാതൃകാ ഇസ്‌ലാമിക സമൂഹവും രാഷ്ട്രവുമാക്കുന്നതിനുള്ള ഒരു സമഗ്രപരിപാടി വികസിപ്പിച്ചെടുക്കുന്നതിന്നുവേണ്ടി വളരെയധികം ഊർജവും സമയവും മൗദൂദി ചെലവഴിച്ചു. തന്റെ നേതൃത്വത്തിലുള്ള ജമഅത്തെ ഇസ്‌ലാമിയിലൂടെയാണ് ഈ പദ്ധതി അദ്ദേഹം നടപ്പിലാക്കാൻ ഉദ്ദേശിച്ചത്.

മൗദൂദിയുടെ പദ്ധതി ചർച്ച ചെയ്യുന്നതിന്ന് മുമ്പ് അദ്ദേഹത്തിന്റെ പ്രസ്ഥാനം അടിസ്ഥാനമാക്കിയ ഒരു സുപ്രധാന തത്വം എടുത്തുപറയേണ്ടതുണ്ട്: സമൂഹത്തിൽ, വിശേഷിച്ചും, ആധുനിക സമൂഹത്തിൽ ബുദ്ധിജീവികൾക്ക് ഒരു നിർണായക സ്ഥാനമുണ്ട്. മനുഷ്യന്റെ ബുദ്ധിപരമായ മേഖലകളുടെ നേതൃത്വം കയ്യിലുള്ള ലൗകിക കാര്യങ്ങൾ നടത്താൻ സാമർഥ്യമുള്ള ആളുകൾ, വിശ്വാസവും ആദർശവും ഇസ്‌ലാമിക വ്യവസ്ഥയെക്കുറിച്ച് വ്യക്തമായി കാഴ്ചപ്പാടുമുള്ളവർ നേതൃത്വത്തിലെത്തുമ്പോൾ ഇസ്‌ലാമിക സമൂഹം പ്രായോഗിക യാഥാർഥ്യമായി മാറുമെന്ന് മൗദൂദി ഊന്നിപ്പറയുന്നു. നേതൃത്വം എന്ന വാക്ക് വിശാലമായ ഒരർഥത്തിലാണ് പൊതുവിൽ ഉപയോഗിക്കപ്പെടുന്നത്. സമൂഹത്തിന്റെ ഗതി നിർണയിക്കുന്നവരാണ് വിവക്ഷ. പ്രാമാണ്യ സ്ഥാനമുള്ളവരെന്ന നിലയിൽ മറ്റുള്ളവരാൽ അനുകരിക്കപ്പെടുന്നവർ. വിശാലമായ അർഥത്തിൽ വിദ്യാസമ്പന്നർ. അവരിൽ മനുഷ്യ ജീവിതത്തിൽ കൂടുതൽ ഫലവത്തായ പങ്കുവഹിക്കുന്നത് ഭരണ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നവരാണ്. നേതൃത്വത്തെ ഒരു തീവണ്ടിയുടെ ഡ്രൈവറോട് മൗദൂദി ഉപമിക്കുന്നു. ആ ഡ്രൈവർക്ക് യാത്രക്കാരെ താനാഗ്രഹിക്കുന്ന ഏത് ഭാഗത്തേക്കും കൊണ്ടുപോകാം. ആധുനിക സമൂഹത്തിൽ ഭരണ വർഗത്തിനുള്ള പ്രാധാന്യം ഇത് എടുത്തുകാട്ടുന്നു.

വിദ്യാഭ്യാസം, വാർത്താവിനിമയ മാധ്യമങ്ങൾ സമ്പദ് വ്യവസ്ഥിതി തുടങ്ങിയ എല്ലാ കാര്യങ്ങളും രാഷ്ട്രത്തിന്റെ കയ്യിലായതുകൊണ്ട് മനുഷ്യ ജീവിതത്തിൽ കാര്യമായ മാറ്റമുണ്ടാക്കാനുള്ള ഏതു പരിശ്രമവും രാഷ്ട്രത്തിന്റെ സഹകരണമുണ്ടെങ്കിലേ വിജയിക്കുകയുള്ളൂ.

ഇക്കാര്യം മനസ്സിൽ വെച്ചുകൊണ്ട്, മൗദൂദി ഒരു നാലിന പരിപാടി ആവിഷ്കരിച്ചു,.

(i) ഒന്നാമത്തേത് ബുദ്ധിപരമായ ഒന്നാണ്.. എല്ലാ അബദ്ധങ്ങളിൽനിന്നും തെറ്റായ ആചാരങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ട ഇസ്‌ലാമികാധ്യാപനങ്ങളുടെ വിശദീകരണം. വർത്തമാനകാല ലോകത്ത് ഈ ശാസനകൾ എങ്ങനെ പ്രായോഗികവൽക്കരിക്കണമെന്നും ഒരു നല്ല ആരോഗ്യപൂർണമായ വ്യവസ്ഥിതി വികസിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കണമെന്നും ഈ വിശദീകരണം വ്യക്തമാക്കേണ്ടതുണ്ട്. മുസ്‌ലിം പാരമ്പര്യത്തെയും ആധുനിക സംസ്കാരത്തെയും കുറിച്ച ഒരു പഠനം ഇതിന്നാവശ്യമാണ്. എന്നിട്ട് അവയിൽനിന്ന് ആരോഗ്യകരമായ ഘടകങ്ങൾ വേർതിരിച്ചെടുക്കണം. ഖുർആനിന്റെയും നബിചര്യയുടെയും അധ്യാപനങ്ങളെ സംബന്ധിച്ചേടത്തോളം അവ മുസ്‌ലിംകൾ ചരിത്രത്തിന്റെ ഏത് ദശയിലും പിൻപറ്റേണ്ടതാണ്.

ഇസ്‌ലാമിക ചിന്ത നവീകരിക്കേണ്ടതിനെക്കുറിച്ചും മൗദൂദി ബോധവാനാണ്. ഇതുസംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഒരു നിരീക്ഷണം കാണുക: ഖുർആൻ, സുന്നത്ത്, ഇജ്തിഹാദ് എന്ന യഥാർഥ മുൻഗണനാക്രമം കൈവിട്ടതിനാൽ മുസ്‌ലിം സമൂഹത്തിന് ആരംഭത്തിലുണ്ടായിരുന്ന ചലനാത്മകതയും ചൈതന്യവും നഷ്ടപ്പെട്ടുപോയി. മുസ്‌ലിംകൾ ഈ മുൻഗണനാക്രമത്തെ തലതിരിച്ചിട്ടിരിക്കുകയാണ്. ഇപ്പോൾ അവർ ആദ്യം തിരിയുന്നത് പൂർവകാല പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിലേക്ക്, അവരുടെ ഇജ്തിഹാദുകളിലേക്കാണ്. അതിനുശേഷം മാത്രമേ ഖുർആനും സുന്നത്തും നോക്കുന്നുള്ളൂ. ഇത് മുസ്‌ലിം മനസ്സിനെ മരവിപ്പിച്ചിരിക്കയാണ്. മുസ്‌ലിം സമൂഹത്തിന്റെ ആരംഭത്തിലുണ്ടായിരുന്ന ചലനാത്മകത തിരിച്ചുകിട്ടണമെങ്കിൽ ഇന്നത്തെ ഈ മുൻഗണനാക്രമം ഉപേക്ഷിച്ച് ശരിയായ മുൻഗണനാക്രമത്തിലേക്ക് മടങ്ങേണ്ടതുണ്ട്. അതായത്, ആദ്യം ഖുർആനിലേക്കും രണ്ടാമത് സുന്നത്തിലേക്കും മൂന്നാമത് മാത്രം പണ്ഡിതന്മാരുടെ നിഗമനങ്ങളിലേക്കും ഗവേഷണ ഫലങ്ങളിലേക്കും തിരിയുക എന്നർഥം.

(ii) നന്മയോട് ആഭിമുഖ്യവും നന്മയുടെ സംസ്ഥാപനത്തിന് വേണ്ടി പ്രവർത്തിക്കാൻ താൽപര്യമുള്ളവരെ കണ്ടെത്തുകയുമാണ് രണ്ടാമത്തെ കാര്യം. അവരെ തിരിച്ചറിഞ്ഞ് ഒരു സംഘടിത സമൂഹമാക്കണം. അവരിൽ വ്യക്തമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുകയും അവരുടെ ജീവിതം ശുദ്ധീകരിക്കുകയും അവരിൽ ഉത്തമ ധാർമിക സ്വഭാവം വളർത്തിയെടുക്കുകയും വേണം. ശരിയായ ഇസ്‌ലാമിക കാഴ്ചപ്പാടും ഇസ്‌ലാമിക സ്വഭാവവുമുള്ള തോടൊപ്പം ലോകകാര്യങ്ങൾ നടത്താനുള്ള ധൈഷണിക ശേഷിയും വൈദഗ്ദ്യവുമുള്ള ഒരു സംഘം ആളുകൾ അവരുടെ ശക്തിയും വിഭവശേഷിയും ഉപയോഗപ്പെടുത്തി വ്യവസ്ഥാപിത രീതിയിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ ഇസ്‌ലാമിക വ്യവസ്ഥ നിലവിൽവരാൻ ദൈവം അനുവദിക്കുകയുള്ളൂ. അതുകൊണ്ട് ഉയർന്ന അർപ്പണബോധവും സ്വഭാവമഹിമയുമുള്ള ഒരു വിഭാഗത്തെ ഇസ്‌ലാമിക നവോത്ഥാനത്തിന്റെ അടിത്തറയായി നിലനിർത്തണമെന്ന കാര്യം മൗദൂദി ഊന്നിപ്പറയുന്നു. പെരുപ്പത്തിനുവേണ്ടി ഗുണം ബലികഴിക്കാൻ പാടില്ല. മൗദൂദിയുടെ വീക്ഷണം ചാൾസ് ജെ. ആഡംസിന്റെ വാക്കുകളിൽ പറഞ്ഞാൽ, "ഒരു സമൂഹത്തെ പരിവർത്തിപ്പിക്കാനുള്ള ഏറ്റവും ഉത്തമമായ മാർഗം അറിവും അർപ്പണബോധവും അച്ചടക്കവുമുള്ള ഒരു ചെറുവിഭാഗത്തെ സൃഷ്ടിക്കുകയാണ്." "സമൂഹത്തെ മുഴുവൻ പാകപ്പെടുത്തുന്ന ഒരുത്തമ വിഭാഗം, ഒരു മോചന ശക്തി!" ഈ വിഭാഗം ഒരിക്കലും നിശ്ചലമായിക്കൂടാ, മറിച്ച് തങ്ങളുടെ വീക്ഷണം പ്രചരിപ്പിച്ചും നീതിയുടെയും നന്മയുടെയും സംസ്ഥാപനത്തിൽ സഹകരിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചുംകൊണ്ട് സദാ വികസിച്ചുകൊണ്ടിരിക്കണം.

(iii) മൂന്നാമത്തേത്, ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിലുള്ള സാമൂഹിക മാറ്റങ്ങൾ കൊണ്ടുവരാനുള്ള പരിശ്രമമാണ്. ഇസ്‌ലാമിക ദർശനത്തോട് പ്രതിബദ്ധതയുള്ളവർ, ചുരുങ്ങിയപക്ഷം, ഇസ്‌ലാമികാഭി

മുഖ്യവും മനുഷ്യസമൂഹത്തിന്റെ ക്ഷേമത്തിൽ താൽപര്യവുമുള്ളവർ, അവരുടെ സമയവും അധ്വാനവും വിഭവങ്ങളും, പരമാവധി ആരോഗ്യകരമായ ഒരു പരിവർത്തനം സംജാതമാക്കാൻ ചെലവഴിക്കണം. സാമൂഹിക പരിഷ്കരണത്തിനുള്ള ഈ പരിപാടി സമഗ്രമായ ഒന്നാണ്. എല്ലാ ഇസ്ലാമിക പ്രവർത്തനങ്ങളുടെയും കേന്ദ്രം പള്ളിയായിരിക്കണം. വിദ്യാഭ്യാസം വളരെ പ്രധാനമാണ്. ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങൾ ജനങ്ങൾക്കു പഠിപ്പിച്ചു കൊടുക്കണം. വയോജന വിദ്യാഭ്യാസത്തിനു സൗകര്യങ്ങളുണ്ടാക്കണം. വായനശാലകൾ സ്ഥാപിക്കണം. വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാവണം. സാമൂഹിക ജീവിതത്തിന്റെ മേഖലയിൽ, അനീതിയിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്താൻ ജനസമ്മർദ്ദത്തിന്റെ മാർഗം അവലംബിക്കണം. ആരോഗ്യകരമായ ജീവിത സൗകര്യങ്ങളൊരുക്കാൻ ജനങ്ങൾക്കിടയിൽ ആരോഗ്യത്തെയും ശുചിത്വത്തെയും സഹകരണത്തെയുംകുറിച്ച ബോധം വളർത്തിയെടുക്കണം. വിധവകൾ, വികലാംഗർ, അനാഥർ, അഗതികൾ, ദരിദ്ര വിദ്യാർഥികൾ തുടങ്ങിയവരുടെ ലിസ്റ്റ് തയാറാക്കി അവർക്ക് സാമ്പത്തിക സഹായമെത്തിക്കാൻ സംവിധാനമുണ്ടാക്കണം. ജനങ്ങളുടെ (വിശേഷിച്ച് ദരിദ്രരുടെ) ആരോഗ്യസംബന്ധമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ ഏർപ്പാടുകൾ ചെയ്യണം. ചുരുക്കത്തിൽ ഇസ്ലാമികാദർശങ്ങളാൽ പ്രചോദിതമായി ജനങ്ങളുടെ മതപരവും ധാർമികവും സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം വളർത്തിയെടുക്കുക, മനുഷ്യ ജീവിതത്തിന്റെ സമഗ്രപരിവർത്തനത്തിനുതകുന്ന സാമൂഹിക സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതായിരിക്കും ലക്ഷ്യം.

(iv) പരിപാടിയിലെ നാലാമത്തെ ഇനം, വിശാല നേതൃത്വമാകുന്നു. ധൈഷണിക മേഖലയിലുള്ള നേതൃത്വവും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ നേതൃത്വവും അന്തിമമായി രാഷ്ട്രീയ നേതൃത്വവും. ഒടുവിൽ പറഞ്ഞത് (രാഷ്ട്രീയ നേതൃത്വം) ഈ പ്രക്രിയയുടെ പരിപൂർത്തിയാണ്. ഇസ്ലാം വിഭാവനം ചെയ്യുന്ന വ്യവസ്ഥിതി സംസ്ഥാപിക്കുന്നതിനുള്ള അനിവാര്യ ഉപാധിയായാണ് രാഷ്ട്രത്തെ മൗദൂദി കാണുന്നത്. ഇസ്ലാമിനെക്കുറിച്ച വ്യക്തമായ കാഴ്ചപ്പാടും ശരിയായ ഇസ്ലാമിക പ്രതിബദ്ധതയും സ്വഭാവവും പ്രാപ്തിയുമുള്ളവർ കാര്യങ്ങൾ നിയന്ത്രിക്കുന്നില്ലെങ്കിൽ ഇസ്ലാമിക രാഷ്ട്രം അചിന്ത്യമായിക്കും.

ഈ രീതിയിലുള്ള നേതൃത്വമാറ്റം, ജനായത്ത സമ്പ്രദായത്തിൽ പൊതുതെരഞ്ഞെടുപ്പുകളിലൂടെ സാധിക്കാവുന്നതാണ്. ഇസ്ലാമികപ്രസ്ഥാനം കാര്യമായിട്ട് മുന്നോട്ടുപോവുകയാണെങ്കിൽ സച്ചരിതരായ ആളുകളെ അധികാരസ്ഥാനങ്ങളിലെത്തിക്കാൻ കഴിയുമെന്ന കാര്യത്തിൽ മൗദൂദിക്ക് പ്രത്യാശയുണ്ട്. ജനായത്ത രീതി ഇസ്ലാമിക രാഷ്ട്രത്തിനു ചേരുന്നതാണ് എന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമില്ല. ഇസ്ലാമികപ്രസ്ഥാനത്തിന് വളരാനും ശക്തിപ്രാപിക്കാനും അതു ലക്ഷ്യമാക്കുന്ന സമ്പൂർണ പരിവർത്തനം സാധിക്കാനും ആവശ്യമായ ചട്ടക്കൂട് ജനാധിപത്യ സംവിധാനം നൽകുമെന്ന കാര്യത്തിൽ അദ്ദേഹത്തിനുറപ്പുണ്ട്. ഇക്കാരണങ്ങളാൽ യഥാർഥ ജനാധിപത്യ വ്യവസ്ഥിതി സ്ഥാപിക്കുന്നതിനും കാത്തുസൂക്ഷിക്കുന്നതിനും വേണ്ടി അദ്ദേഹം ശക്തമായി നിലകൊണ്ടു.

**വിപ്ലവമോ പരിഷ്കരണമോ?**

മൗദൂദി ലക്ഷ്യമിട്ട സമൂല പരിവർത്തനത്തെ അദ്ദേഹം 'വിപ്ലവം' എന്നാണ് മിക്കപ്പോഴും വിശേഷിപ്പിച്ചിട്ടുള്ളത്. എങ്കിലും, ആധുനികകാലത്ത് ചില വിപ്ലവപ്രസ്ഥാനങ്ങൾ തങ്ങളുടെ ലക്ഷ്യസാധ്യത്തിനു വേണ്ടി സ്വീകരിച്ച വിപ്ലവമാർഗങ്ങളോട് യാതൊരു പ്രതിപത്തിയും മൗദൂദിക്കില്ല.

പാശ്ചാത്യ വിപ്ലവ സമീപനങ്ങൾ രണ്ട് തീവ്രതകൾക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും ആടുകയാണ് ഫ്രഞ്ച് വിപ്ലവം, റഷ്യൻ വിപ്ലവം, തുർക്കിയിലെ കലാമിസ്റ്റ് വിപ്ലവം എന്നിവയെക്കുറിച്ച ഒരു വിമർശന പഠനത്തിൽ മൗദൂദി പറയുന്നു. സമകാലീന വിപ്ലവപ്രസ്ഥാനങ്ങൾ പൊതുവെ സ്വീകരിക്കുന്ന ഒരു അടിസ്ഥാന തത്വം, സാമൂഹികവും സാമ്പത്തികവും, രാഷ്ട്രീയവുമായ ചട്ടക്കൂട്, മനുഷ്യജീവിതത്തിന്റെ ഭൗതികവും സാമൂഹികവുമായ ഘടന, മാറ്റിക്കൊണ്ട് നന്മയിലേക്കുള്ള ഒരു സമൂലമാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ്. മനുഷ്യനിൽ മാറ്റമുണ്ടാക്കുന്നതിന്റെ ആവശ്യകതയെ ഈ വിപ്ലവകാരികൾ അവഗണിച്ചിരിക്കയാണ്. അഥവാ മനുഷ്യന്റെ ജീവിതവീക്ഷണം, അവന്റെ ജീവിതലക്ഷ്യം, അവന്റെ ചോദന, വ്യക്തിത്വം എന്നിവ മാറുന്ന കാര്യം അവർ വിസ്മരിച്ചിരിക്കയാണ്. ഇസ്ലാമിക വിപ്ലവം ലക്ഷ്യമാക്കുന്നത് കൂടുതൽ അഗാധവും സമൂലവുമായ ഒരു മാറ്റമാണ്. ഈ മാറ്റം മനുഷ്യനെ, മനുഷ്യനെന്ന വ്യക്തിയെക്കൂടി ഉൾക്കൊള്ളുന്നു. അവനാണല്ലോ പുതിയ വ്യവസ്ഥക്ക് അടിസ്ഥാനമായി വേണ്ടത്.

വിപ്ലവങ്ങൾ, പൊതുവിൽ, വിദ്വേഷവും വ്യാപകമാ അക്രമവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ബലപ്രയോഗത്തെ ഒഴിവാക്കാൻ പറ്റാത്തതും നീതീകരിക്കത്തക്കതുമായ ഏറ്റവും കുറഞ്ഞ അളവിൽ മാത്രം അവലംബിക്കുക എന്ന രീതി അവ സ്വീകരിച്ചിട്ടില്ല. സാധാരണ അറിയപ്പെടുന്ന വിപ്ലവതന്ത്രങ്ങൾ ഒന്നും മൗദൂദി അംഗീകരിക്കുന്നില്ല. തികച്ചും വ്യത്യസ്തമായ ചില 'വിപ്ലവ' തന്ത്രങ്ങളിലൂടെയാണ് ഇസ്ലാമിക നവോത്ഥാനം സാധിക്കേണ്ടതെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. അന്തിമലക്ഷ്യം സമഗ്ര പരിവർത്തനമായിരിക്കെ, അതിലേക്കുള്ള മുന്നേറ്റം സാവധാനത്തിലുള്ളതും നന്നായി ആസൂത്രണം ചെയ്തതുമാവണം. നിലവിലുള്ള മുഴുവൻ സമ്പ്രദായങ്ങൾക്കുമെതിരെ അന്ധമായി പ്രതികരിച്ചുകൊണ്ട് അവയെ ഉടനെ നശിപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം നിയന്ത്രിതമായ ഒരു സമീപനമാണ് ആവശ്യമെന്ന് അദ്ദേഹം പറയുന്നു. ഹാനികരമെന്ന നിലയിൽ മാറ്റേണ്ടതേതെന്നും ആരോഗ്യകരമെന്ന നിലയിൽ നിലനിർത്തേണ്ടതേതെന്നും ശ്രദ്ധാപൂർവം പരിശോധിക്കണം. മാറ്റത്തിനുവേണ്ടി ശ്രമിക്കുന്നവർ, രോഗിയെ സമീപിക്കുന്ന ശസ്ത്രക്രിയാ വിദഗ്ദന്റെ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. അനഭിലഷണീയമായവ മാത്രം ഛേദിച്ചുകളയാനായിരിക്കും ഒരു ശസ്ത്രക്രിയാ വിദഗ്ദൻ അയാളുടെ ഉപകരണങ്ങളുപയോഗിക്കുക. ഇസ്ലാം സ്ഥാപിക്കാനുദ്ദേശിക്കുന്ന പുതിയ വ്യവസ്ഥിതി, നിലവിലുള്ള വ്യവസ്ഥിതിയിൽനിന്നും തീർത്തും വ്യത്യസ്തമാണ്. അത് വിഭാവനം ചെയ്യുന്ന മാറ്റം സമഗ്രമാണ്. ഈ അർഥത്തിലാണ് ഇസ്ലാമിക സമീപനത്തെ വിപ്ലവകരമെന്ന് മൗദൂദി വിശേഷിപ്പിക്കുന്നത്. അതേസമയം, ഈ പരിവർത്തനം സാവധാനത്തിലും ശ്രദ്ധാപൂർവവും ആസൂത്രിതവുമായ നീക്കങ്ങളിലൂടെ വേണം കൊണ്ടുവരാനെന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമില്ല. നമ്മുടെ കാലത്തെ വിപ്ലവകാരികളും അല്ലാത്തവരുമായ മിക്കയാളുകളും അംഗീകരിക്കുന്ന 'ലക്ഷ്യം മാർഗത്തെ സാധൂകരിക്കും' എന്ന ആശയത്തെ മൗദൂദി നിശിതമായി എതിർക്കുന്നു. ലക്ഷ്യവും മാർഗവും ഒരുപോലെ ശുദ്ധവും ആദരണീയവുമാണെങ്കിലേ ആരോഗ്യകരമായ ഒരു വ്യവസ്ഥിതി നിലവിൽ വരൂ.

വിവ: പ്രൊഫ. പി.പി. ഷാഹുൽഹമീദ്